മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 04 THE ONLINE OFFICIAL NEWS BULLETIN 2022 January 22

ദനഹകാലം — SEASON OF EPIPHANY

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
23  ♪5 3rd Sunday after Epiphany Comme. of Mar Augan	24 ♪1	25 ♪5	26  ♪1 16th Mem. of H.H. Baselius Marthoma Mathews II (Shasthamkotta Mount Horeb) 69th Mem. of Paulose Mar Athanasios (Alwaye Thrikkunnathu Seminary)	27 ♪5	28 ♪1	29 ♪5



ബെന്യാമിനെ ഓർത്തഡോക്സ് സഭ ആദരിച്ചു

പത്തനംതിട്ട: 2021-ലെ വയലാർ അവാർഡ് നേടിയ നോവലിസ്റ്റ് ബെന്യാമിനെ അഹമ്മദാബാദ് മലങ്കര ഓർത്തഡോക്സ് സഭ ആദരിച്ചു. തുമ്പമൺ ഭദ്രാസനാധിപൻ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത യോഗം ഉദ്ഘാടനം ചെയ്തു. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത ഉപഹാരം സമ്മാനിച്ചു. ഫാ. ജോസ് ചെമ്മൺ എഴുതിയ 'മോശ വീണ്ടെടുപ്പിന്റെ പരികർമ്മി' എന്ന നോവൽ ബെന്യാമിന് നൽകി പ്രകാശനം ചെയ്തു. ഡോ. പോൾ മണലിൽ പുസ്തകപരിചയം നടത്തി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അധ്യക്ഷനായി. തോമസ് നീലാർമഠം, ചിന്ത പബ്ലിഷേഴ്സ് എഡിറ്റർ രാധാകൃഷ്ണൻ ചെറുവല്ലി, ചലച്ചിത്ര നടൻ മോഹൻ അയിരൂർ, അനന്തകൃഷ്ണൻ, ഫാ. ജോസ് ചെമ്മൺ എന്നിവർ സംസാരിച്ചു.

പൊതു പരിപാടികൾ റദ്ദാക്കി

കോട്ടയം: കോവിഡ് വ്യാപനം നിയന്ത്രണാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ. കാതോലിക്കാ ബാവായുടെ എല്ലാ പൊതുപരിപാടികളും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതു വരെ റദ്ദാക്കി.

അറിയിപ്പ്

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഞായറാഴ്ച ആരാധനയും മറ്റു അനുഷ്ഠാനങ്ങളും അതാത് പ്രദേശത്തെ സർക്കാർ അധികാരികൾ നൽകുന്ന ഉത്തരവ് അനുസരിച്ച് മാത്രമേ നിർവ്വഹിക്കാവൂയെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അറിയിച്ചു. ഈ മഹാമാരിയിൽ നിന്നുള്ള വിടുതലിന് വേണ്ടി എല്ലാ സഭാ മക്കളും നിരന്തരമായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് പരിശുദ്ധ ബാവാ ഓർമ്മപ്പെടുത്തി.

മെത്രാപ്പോലീത്തൻ തെരഞ്ഞെടുപ്പ്: പ്രാഥമിക സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിച്ചു

കോട്ടയം: ഏഴു മെത്രാപ്പോലീത്താമാരെ തെരഞ്ഞടുക്കുന്നതായി ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ മുന്നോടിയായി മാനേജിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ട 14 സ്ഥാനാർത്ഥികളുടെ പട്ടിക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രസിദ്ധീകരിച്ചു.

ഫാ. എബ്രഹാം തോമസ്, ഫാ. അലക്സാണ്ടർ പി. ഡാനിയേൽ, ഫാ. എൽദോ ഏലിയാസ്, ഫാ. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. എം.സി കുര്യാക്കോസ്, ഫാ. ഫീലിപ്പോസ് റമ്പാൻ, ഫാ. ഡോ. റെജി ഗീവർഗീസ്, ഫാ. ഷിബു വേണാട് മത്തായി, ഫാ. പി. സി തോമസ്, ഫാ. ഡോ. വർഗീസ് കെ. ജോഷ്വാ, ഫാ. വർഗീസ് പി. ഇടിച്ചാണ്ടി, ഫാ. വിനോദ് ജോർജ്, ഫാ. യാക്കോബ് തോമസ്, ഫാ. സഖറിയാ നൈനാൻ എന്നിവരുടെ പേരുകളാണ് മാനേജിംഗ് കമ്മറ്റിയിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നത്. 14 പേരിൽ നിന്ന് 11 പേരെയാണ് മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുക്കേണ്ടത്. അതിൽനിന്ന് ഏഴു പേരെ അസോസിയേഷൻ യോഗം തെരഞ്ഞെടുക്കും.

മലങ്കര അസോസിയേഷൻ : ഓൺലൈൻ ക്രമീകരണങ്ങൾക്കായി കോർ കമ്മറ്റിയെ നിയമിച്ചു


കോട്ടയം: ഫെബ്രുവരി 25-ന് കോലഞ്ചേരിയിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ ഓൺലൈൻ ക്രമീകരണങ്ങൾ സംബന്ധിച്ച മുന്നൊരുക്കങ്ങൾ ആരംഭിച്ചു. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമുള്ള പക്ഷം ഇലക്ട്രോണിക്ക് സാങ്കേതിക വിദ്യ ഉപയോഗിച്ച് യോഗത്തിന്റെ നടത്തിപ്പും വോട്ടിങ്ങും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾക്കായി ചീഫ് റിട്ടേണിംഗ് ഓഫീസർ ഡോ. സി. കെ. മാത്യു ഐ.എ.എസിന്റെ നേതൃത്വത്തിലുള്ള കോർ കമ്മിറ്റിയെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു.

ഫാ. ഡോ. എം. ഒ. ജോൺ, അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. അനിഷ് കെ. സാം, ഫാ. അലക്സാണ്ടർ ജെ. കുര്യൻ, ഫാ. മാത്യു കോശി, റോണി വർഗീസ്, തോമസ് ജോർജ്, അജു എബ്രഹാം മാത്യു, അലക്സ് എം. കുര്യാക്കോസ്, ഡോ. വിപിൻ കെ. വറുഗീസ് എന്നിവരാണ് കമ്മറ്റി അംഗങ്ങൾ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

"നിങ്ങൾ ഭാഗ്യവാന്മാർ ദൈവരാജ്യം നിങ്ങൾക്കുള്ളത്. നിങ്ങൾ തൃപ്തരാകും, നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിക്കും"



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ദനഹാ പെരുന്നാളിനു ശേഷമുള്ള മൂന്നാം ആഴ്ചയിലും യൽദോ പെരുന്നാളിനു ശേഷമുള്ള നാല്പതാം ദിവസത്തിലെ നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശന പെരുന്നാളിലും ഈ ആഴ്ചയിൽ നാം എത്തിച്ചേരുന്നു.

സുവിശേഷത്തിനും ദൈവരാജ്യ സ്ഥാപനത്തിനുമായുള്ള വിളി മാത്രമല്ല; ദുഷ്ടരിൽ നിന്നും നീതിമാന്മാരെ തിരഞ്ഞ് (വേർതിരിച്ച്) എടുക്കുന്നതും പ്രാധാന്യമുള്ളതാണ് എന്ന അടിസ്ഥാന പ്രമാണം ഞായറാഴ്ചയിലെ വായനാഭാഗങ്ങളിൽ കാണുന്നു. "ദുഷ്ടനോടുകൂടെ നീതിമാനെയും നീ സംഹരിക്കുമോ?" എന്ന അബ്രഹാമിന്റെ ചോദ്യവും കാരുണ്യത്തിന്റെ നെല്ലിപ്പലക വരെയെത്തുന്ന യഹോവയുടെ ഉത്തരവും ജാതികളുടെ അതിക്രമങ്ങളെ ക്ഷമിക്കുവാനായി അബ്രഹാം ദൈവസന്നിധിയിൽ നടത്തുന്ന മാദ്ധ്യസ്ഥവും എല്ലാം ആദ്യ പഴയനിയമ വായനയിൽ (ഉല്പത്തി 18.23-33) ധ്യാനിക്കുന്നു. "നീതിമാൻ ഏഴ് പ്രാവശ്യം വീണാലും എഴുന്നേല്ക്കും; ദുഷ്ടന്മാരോ നശിച്ചുപോകു"മെന്ന സന്ദേശം സദൃശ്യവാക്യകാരനും (24.11-25) ഓർമ്മിപ്പിക്കുന്നു. "നാം മുടിഞ്ഞുപോകാതിരിക്കുന്നത് യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ" (വിലാപങ്ങൾ 3.1-22) എന്നും നാം വായിക്കുന്നു.

അവനായി വേർതിരിക്കപ്പെട്ടവർക്കു ലഭിക്കുന്ന ഉറപ്പും ധൈര്യവുമാണ് ഇന്നത്തെ ലേഖന ഭാഗങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നത്. ന്യായാധിപന്റെയും സഹസ്രാധിപന്റെയും മുന്നിൽ ക്രിസ്തുവിനെ സാക്ഷിക്കുന്ന പൗലോസ് ശ്ലീഹാ (അപ്പോ. 24.20-23) എഫേസ്യരോടും വിശ്വാസ സ്ഥിരതയെ കുറിച്ചാണ് ശക്തമായി പ്രബോധിപ്പിക്കുന്നത് (3.13-21).

ശിഷ്യത്വത്തെക്കുറിച്ചുള്ള കൂടുതൽ ആഴമുള്ള പഠിപ്പിക്കലുകളാണ് കർത്താവ് നടത്തുന്നത്. രക്ഷയിലേയ്ക്കുള്ള വഴി ഇടുക്കുവാതിലാണെന്നും അവിടേയ്ക്ക് പ്രവേശിക്കുന്നത് ദുഷ്ക്കരമാകയാൽ ഏറെ ശ്രദ്ധ ആവശ്യമാണെന്നും ഈ യാത്രയിൽ മുമ്പന്മാർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകുമെന്നും വി. ലൂക്കോസ് ഓർപ്പിക്കുന്നു. വൃക്ഷം നല്ലതെങ്കിൽ ഫലവും നല്ലത് എന്ന ഉദാഹരണത്തിലൂടെയാണ് വി. മത്തായി ശ്ലീഹാ ശിഷ്യത്വത്തിന്റെ ലക്ഷണം അവതരിപ്പിക്കുന്നത്. നന്മ നിഷേധിക്കുന്നതാണ് പരിശുദ്ധാത്മാവിന് എതിരായുള്ള വലിയ പാപം എന്നും പഠിപ്പിക്കുന്നു.

വി. കുർബാനയിലെ ഏവൻഗേലിയോൻ ഭാഗം ശിഷ്യന്മാർക്കു നൽകുന്ന മൂലമന്ത്രമാണ് (ലൂക്കോസ് 6.20-32). അനന്തരം അവൻ ശിഷ്യന്മാരെ നോക്കി പറഞ്ഞു: "ദരിദ്രന്മാരായ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങൾക്കുള്ളത്. വിശക്കുന്നവരായ നിങ്ങൾക്ക് തൃപ്തിയുണ്ടാകും. നിങ്ങളുടെ കരച്ചിൽ ചിരിയായി തീരും. നിങ്ങൾ മനുഷ്യപുത്രൻ നിമിത്തം നിഷേധിക്കപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചുകൊണ്ടിരിക്കും; എന്നാൽ അർത്ഥമില്ലാത്ത സമ്പന്നതയും വ്യാജമായ തൃപ്തിയും അനുഭവിക്കുന്നവർ നിഷ്കാസിതരാകും." ആകയാൽ നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ എന്നും നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ എന്നും ചോദിക്കുന്നവന് കൊടുപ്പിൻ എന്നും കർത്താവ് അവരെ പഠിപ്പിക്കുന്നു.

ദേവാലയ പ്രവേശന പെരുന്നാൾ

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര വ്യാപാരനാളുകളിലെ ഓരോ സംഭവങ്ങളും പ. സഭയുടെ മാറാനായ പെരുന്നാളുകളാണല്ലോ. ജഡധാരണം ചെയ്ത വചനം മനുഷ്യരൂപത്തിൽ ആദ്യമായി തന്റെ വാസസ്ഥലമായ ദേവാലയത്തിൽ എത്തുന്ന ദിവസത്തെയാണ് ദേവാലയ പ്രവേശന പെരുന്നാളായി നാം ആഘോഷിക്കുന്നത്.

യഹൂദന്മാരുടെ ശുചീകരണ നിയമപ്രകാരം ഒരു പുരുഷ പ്രജ ജനിച്ചാൽ നാല്പതാം ദിവസമാണ് ശിശുവിന്റെ മാതാപിതാക്കൾ അവനെ ദേവാലയത്തിൽ എത്തിക്കേണ്ടത് (എട്ടാം നാളിലെ പരിച്ഛേദന ഭവനത്തിൽ വച്ചാണ് നടക്കുന്നത്). ദേവാലയ പ്രവേശന പെരുന്നാളിലെ പ്രാരംഭ പ്രാർത്ഥന ശ്രദ്ധിക്കുക. "ദൈവിക പ്രമാണം നിറവേറ്റുവാൻ തന്റെ പിതാവിന്റെ ആലയത്തിലേക്ക് വന്നവനായി നീതിമാന്മാരാൽ പ്രതീക്ഷിക്കപ്പെട്ടവനും പുണ്യവാന്മാരാൽ ആഗ്രഹിക്കപ്പെട്ടവനുമായ ഞങ്ങളുടെ പ്രത്യാശയായ കർത്താവേ! പരിശുദ്ധ ദേവാലയത്തിലേയ്ക്കുള്ള നിന്റെ പ്രവേശന പെരുന്നാളിനെ അനുഷ്ഠിപ്പാൻ ഞങ്ങൾക്കു യോഗ്യത നൽകണമേ. 'നിന്റെ മഹാ കരുണയെ എന്റെ കണ്ണുകൾ കണ്ടതുകൊണ്ട് ഇനി ഞാൻ ചെന്നു വിശ്രമിപ്പാൻ എന്നെ പിരിച്ചുവിടണമേ' എന്ന് പ്രാർത്ഥിച്ച വൃദ്ധനായ ശീമോനോടൊന്നിച്ച് നിന്നെ സ്തുതിപ്പാൻ ഞങ്ങളെയും സഹായിക്കണമേ."

പരിച്ഛേദനയെക്കുറിച്ചും ദേവാലയ പ്രവേശനത്തെക്കുറിച്ചുമുള്ള ന്യായപ്രമാണ നിയമങ്ങളാണ് ആദ്യ പഴമ വായന (ലേവ്യ 12.1-8). യാഗ വസ്തുക്കൾ അന്യൂനമായിരിക്കണമെന്ന നിബന്ധനയും നിർബന്ധമാണ് (ലേവ്യ 22.17-23).

ദാവീദ്പുത്രനായ ക്രിസ്തുവിന്റെ ദേവാലയ പ്രവേശനത്തിൽ ദാവീദിന്റെ രാജ്യത്തെക്കുറിച്ചാണ് ശമുവേൽ പ്രവചനത്തിൽ നിന്നും പിന്നീട് വായിക്കുന്നത്. ക്രിസ്തുവിന്റെ ദേവാലയ പ്രവേശനത്തോടെ അവനിൽ ആരംഭിക്കുന്ന നിത്യമായ ദൈവരാജ്യത്തിന്റെ സൂചനകൾ ലഭ്യമാകുന്നു (2 ശമുവേൽ 5.1-6, 17-21). എല്ലാ അന്ധവിശ്വാസങ്ങളിൽ നിന്നും വിഗ്രഹസേവകളിൽ നിന്നും രാജ്യം സംരക്ഷിക്കപ്പെടുമെന്നും അവിടെ വ്യക്തമാക്കുന്നു. "എന്നാൽ യിശായിയുടെ കുറ്റിയിൽ നിന്നും ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽ നിന്നുള്ള ഒരു കൊമ്പ് ഫലം കായ്ക്കും" എന്ന് പ്രഖ്യാപിച്ചുകൊണ്ട് അവനിൽ സ്ഥാപിതമാകുന്ന ദൈവരാജ്യത്തെ കുറിച്ചുള്ള ഗംഭീരമായ വർണ്ണനയാണ് യെശയ്യാ പ്രവാചകൻ നൽകുന്നത്. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആലോചനയുടെയും ബലത്തിന്റെയും ആത്മാവിലാണ് അവൻ എഴുന്നള്ളുന്നത് എന്നും ആകയാൽ അവൻ നീതിപൂർവ്വം വിധിക്കുകയും ദരിദ്രർക്ക് ന്യായം പാലിക്കുകയും ചെയ്യുമെന്നും 'നീതി അവന്റെ നടുക്കെട്ടും വിശ്വസ്ഥത അവന്റെ അരക്കച്ചയുമായിരിക്കുമെന്നും' അപ്പോൾ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ട് നിറയുമെന്നും ജാതികൾ അവനെ അന്വേഷിച്ച് വരുമെന്നുമൊക്കെ യെശയ്യാവ് മുൻകൂട്ടി പ്രവചിക്കുന്നു.

നമ്മിൽ പ്രത്യക്ഷനായി പ്രകാശിച്ചിരിക്കുന്ന ഈ ക്രിസ്തുവിനെ വിശ്വസിക്കേണ്ടതിനെക്കുറിച്ചാണ് ആദ്യ ലേഖന വായന. ദൈവം നമുക്ക് നൽകുന്ന നിത്യജീവനാണ് പുത്രൻ എന്നും ആകയാൽ പുത്രനുള്ളവനു ജീവൻ ഉണ്ട്; പുത്രനില്ലാത്തവന് ജീവൻ ഇല്ല എന്നും വ്യക്തമായി വി. യോഹന്നാൻ പറയുന്നു (1 യോഹ. 4.11-5.20).

ക്രിസ്തുവിൽ ആരംഭിച്ച് അവന്റെ ഗാത്രമാകുന്ന പ. സഭയാകുന്ന ദൈവരാജ്യത്തിലെ നിയമ വ്യവസ്ഥകളെ കുറിച്ചാണ് പ. പൗലോസ് ശ്ലീഹാ കൊരിന്ത്യരെ ഉദ്ബോധിപ്പിക്കുന്നത് (6.1-16). ഇന്നും ഏറെ ശ്രദ്ധിക്കപ്പെടേണ്ട വാക്യങ്ങളാണ് അവ. അവിശ്വാസികളുടെ മുന്നിൽ വച്ച് സഹോദരൻ സഹോദരനോട് വ്യവഹരിക്കേണ്ടി വരുന്ന ദുരവസ്ഥയെക്കുറിച്ച് ഒരു പ്രവചനം പോലെ അദ്ദേഹം പറയുന്നു. സാക്ഷ്യം നഷ്ടപ്പെടുത്തികൊണ്ടുള്ള വ്യവഹാരങ്ങൾക്കു പകരം നിങ്ങൾ അന്യായം സഹിച്ചുകൊള്ളാത്തത് എന്തെന്നും, നഷ്ടം ഏറ്റുകൊള്ളാത്തത് എന്ത് എന്നും (6.7) അദ്ദേഹം നമ്മോട് ചോദിക്കുന്നു.

വചന ധ്യാനത്തിലൂടെയും പ്രാർത്ഥനകളിലൂടെയും ഇത്രയും ഒരുക്കിയ ശേഷമാണ് വി. ഏവൻഗേലിയോനിൽ നിന്നും നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശന സംഭവം പ. സഭ വായിച്ച് ധ്യാനിക്കുന്നത് (ലൂക്കോസ് 2.22-40). ക്രിസ്തുവിനെ കാണും മുമ്പേ മരണം കാണുകയില്ല എന്ന് ആത്മവരം ലഭിച്ചിരുന്ന വൃദ്ധനായ ശിമയോൻ ക്രിസ്തുവിനെ സാക്ഷിക്കുന്നു. ശിശുവിനെ കൈയിലേന്തി ദൈവത്തെ പുകഴ്ത്തി അപേക്ഷിക്കുന്നു: "ഇപ്പോൾ നാഥാ തിരുവചനം പോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയയ്ക്കണമേ; ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി നീ സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരിക്കുന്ന നിന്റെ രക്ഷയെ എന്റെ കണ്ണ് കണ്ടുവല്ലോ" എന്ന് പറഞ്ഞു.

അതിശ്രേഷ്ഠമായ ധ്യാനചിന്തകളാണ് ഈ ദിവസത്തെ പ്രൊമിയോൻ-സെദ്റാ-എത്രോകളിൽ കാണുന്നത്. "കന്യക ഗർഭം ധരിച്ചു പ്രസവിക്കും" എന്ന യെശയ്യാ പ്രവാചകന്റെ പ്രവചനവാക്യത്തെ ശിമയോൻ തന്റെ ന്യായപ്രമാണ പഠന നാളുകളിൽ സംശയിച്ചിരുന്നപ്പോൾ അദ്ദേഹത്തിന് ലഭിച്ച പ്രത്യേക വരമാണ് 'നിന്റെ കണ്ണു കൊണ്ട് നീ അത് കാണുകയും കൈകൾ കൊണ്ട് അവനെ ഉയർത്തുകയും ചെയ്യാതെ നീ മരിക്കയില്ല' എന്ന വാഗ്ദാനം. യോർദാനിലെ യോഹന്നാന്റെ സാക്ഷ്യത്തോടു ചേർത്തു വച്ച് വായിക്കേണ്ട വലിയ സാക്ഷ്യമാണ് ദേവാലയത്തിൽ വച്ച് ശിമയോനും ഹന്നാ പ്രവാചകിയുമൊക്കെ നൽകുന്നത്.

ക്രിസ്തുവിൽ ആരംഭിച്ചിരിക്കുന്ന 'സർവ്വോദയ'ത്തെ സകല തലമുറകളും അനുഭവിച്ച് അറിയുകയും അതിലേക്ക് സർവ്വ ജനതയെയും ഒരുക്കുകയും ചെയ്യണമെന്ന വലിയ ആഹ്വാനമാണ് ദേവാലയ പ്രവേശന പെരുന്നാളിന്റെ മുഖ്യ സന്ദേശം എന്ന് വ്യക്തം. നാല്പതാം നാൾ മുതൽ തന്റെ ജഡത്തിലുള്ള മരണം വരെയും അവൻ ദേവാലയത്തെ ഏറെ ബഹുമാനിക്കുകയും എപ്പോഴും അവിടെ എത്തി ധ്യാനിക്കുകയും പെരുന്നാളുകളിൽ രഹസ്യമായും പരസ്യമായും പങ്കുകൊള്ളുകയും ചെയ്യുമായിരുന്നു എന്ന് ഓർക്കണം. "ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ഇരിക്കേണ്ടവനല്ലയോ" എന്ന് അവൻ മാതാപിതാക്കളോട് ചോദിക്കുന്നതും ഓർമ്മിക്കാം.

അവനിൽ ആരംഭിച്ചിരിക്കുന്ന നിത്യമായ വി. ദേവാലയമാകുന്ന പ. സഭയിൽ വസിച്ച് അവനെ സാക്ഷിക്കുവാനും ജാതി മത വർഗ്ഗ വർണ ഭേദമെന്യേ സർവ്വരെയും അവനിലേയ്ക്ക് ക്ഷണിക്കുവാനും നമുക്കും കടമയുണ്ട്.

❑

മെത്രാപ്പോലീത്തൻ തെരഞ്ഞെടുപ്പ്: പ്രാഥമിക സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിച്ചു

E-mail: catholicos@mosc.in
officeofthecatholicos@mosc.in

TELEPHONE: 0481-2574323, 2578500
Website: www.mosc.in

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 004
KERALA, INDIA

ജനുവരി 22, 2022

പ്രഖ്യാപനം

2022 ഫെബ്രുവരി മാസം 25-ാം തീയതി നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ പ്രധാന അജണ്ടയായ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനായി നോമിനേഷൻ സമർപ്പിച്ച വൈദികരിൽ നിന്നും, മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ട സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി, നമ്മുടെ 2021 ഡിസംബർ മാസം 18-ാം തീയതിയിലെ MOSC/CMM/78/2021 നമ്പർ കൽപന മുഖാന്തിരം അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത കൺവീനറായി നാം നിയമിച്ച സ്ക്രീനിംഗ് കമ്മറ്റി നമുക്ക് സമർപ്പിച്ചിരിക്കുന്ന താഴെപ്പറയുന്ന 14 വൈദികരുടെ പേരുകൾ ഇതിനാൽ നാം അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നു.

1. Fr. Abraham Thomas
2. Fr. Alexander P. Daniel
3. Fr. Eldos Alias
4. Fr. Kochuparambil Geevarghese Ramban
5. Fr. M. C. Kuriakose
6. Fr. Philipose Ramban
7. Fr. Dr. Reji Geevarghese
8. Fr. Shibu Venad Mathai
9. Fr. P. C. Thomas
10. Fr. Dr. Varghese K. Joshua
11. Fr. Varghese P. Idichandy
12. Fr. Vinod George
13. Fr. Yacob Thomas
14. Fr. Zachariah Ninan

2022 ഫെബ്രുവരി മാസം 11-ാം തീയതി ചേരുന്ന മലങ്കര അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി മുകളിൽ പരാമർശിച്ചിരിക്കുന്ന 14 വൈദികരിൽ നിന്നും 11 വൈദികരെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതും, അതിൽ നിന്നും അസ്സോസിയേഷൻ 7 പേരെ തെരഞ്ഞെടുക്കുന്നതുമായിരിക്കും.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

ലേഖനം

ശുശ്രൂഷകരുടെ യോഗ്യതകൾ

ഫാ. ഡോ. റ്റി. ജെ. ജോഷ്വ

ഓരോ തൊഴിലിലും പ്രവേശിക്കുന്നവർക്ക് ചില നിർദ്ദിഷ്ട യോഗ്യതകൾ നിഷ്കർഷിക്കുന്നു. കായികവും മാനസികവും വൈകാരികവുമായ കഴിവുകൾ പരിഗണിക്കപ്പെടും. പട്ടാളസേവനത്തിനായി തെരഞ്ഞെടുക്കുമ്പോൾ കർശനമായ പരീക്ഷകളും പരിശോധനകളും നടത്തുന്നു. കായികമായ മാനദണ്ഡം, മാനസികവും വൈകാരികവുമായ നിലവാരം, വിദ്യാഭ്യാസ യോഗ്യത ഇവയെല്ലാം കണക്കിലെടുക്കുന്നു. കാരണം രാഷ്ട്രത്തിന്റെ സുരക്ഷ സൈനികരുടെ കരങ്ങളിലാണ്.

സഭാശുശ്രൂഷകർ ആകുന്നതിനു അടിസ്ഥാനപരമായ ചില യോഗ്യതകൾ ആവശ്യമാണ്. അനേകം വ്യക്തികളുടെ ജീവിതവും അവരുടെ പ്രശ്നങ്ങളും കൈകാര്യം ചെയ്യേണ്ട ഭാരിച്ച കർത്തവ്യം നിർവഹിക്കുന്നവരാണ് സഭാശുശ്രൂഷകർ. നിശ്ചയമായും അതിനു തക്ക കായികവും, മാനസികവും, വൈകാരികവും, ആത്മികവുമായ യോഗ്യതകൾ അവർക്കുണ്ടായിരിക്കണം. സഭയിൽ ആദ്യകാലം മുതൽ തന്നെ ചില മാനദണ്ഡങ്ങൾ ഇതിനു വേണ്ടി സ്വീകരിച്ചിരുന്നു. ആദ്യമായി ശെമ്മാശന്മാരെ തെരഞ്ഞെടുക്കുമ്പോൾ അപ്പോസ്തോലന്മാർ പ്രസ്താവിച്ചത്, 'ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴുപേരെ തെരഞ്ഞെടുത്തുകൊൾവിൻ' (അ: പ്ര: 6:3) എന്നായിരുന്നു.



പിൽക്കാലത്ത് സഭ കുറെക്കൂടെ വ്യവസ്ഥാപിതവും സുസംഘടിതവുമായപ്പോൾ സഭാശുശ്രൂഷകരെ തെരഞ്ഞെടുക്കുന്നതിന് കൂടുതലായ മാനദണ്ഡങ്ങൾ പുലർത്തിയെന്നു കാണാം. ഇടയലേഖനങ്ങളിൽ ശുശ്രൂഷകരുടെ യോഗ്യതകളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. അവ എന്തൊക്കെയെന്നു പരിശോധിക്കാം.

(1) ആരോപണങ്ങൾക്കതീതൻ (1 തീമോ. 3:2, തീത്തോ.1:6 – 7)

"നിരപവാദ്യൻ" എന്നു പറയുമ്പോൾ, എന്തെങ്കിലും അപവാദങ്ങളോ ആരോപണങ്ങളോ ഉന്നയിക്കപ്പെടാൻ പാടില്ലാത്ത ഉത്തമ ജീവിതത്തിനുടമയായിരിക്കണം. പ്രസംഗപാടവമോ, സംഗീതമാധുരിയോ അല്ല ജനങ്ങൾ പ്രധാനമായി പ്രതീക്ഷിക്കുന്നത്. വാക്കും പ്രവൃത്തിയും പൊരുത്തപ്പെടുന്ന ഒരു ഉത്തമ ജീവിതമാതൃകയാണ് ആവശ്യം.

(2) ഏക ഭാര്യയുടെ ഭർത്താവ് (1 തീമോ. 3:2; തീത്തോ. 1:6)

ഇതിന്റെ അർത്ഥവിവക്ഷയെപ്പറ്റി അഭിപ്രായാന്തരമുണ്ട്. ബഹുഭാര്യാത്വം നിലനിന്നിരുന്ന അന്നത്തെ സമൂഹത്തിൽ ഏക ഭാര്യാവ്രതമാണ് സൂചിപ്പിക്കുന്നത് എന്നു പലരും കരുതുന്നു. അതല്ല ഒരിക്കൽ മാത്രമേ വിവാഹിതനാകാവൂ (പുനർ വിവാഹം പാടില്ല) എന്നാണ് വിവക്ഷയെന്നും പറയുന്നവരുണ്ട്. വിവാഹേതര ബന്ധങ്ങൾ കർശനമായി നിരോധിച്ചിരിക്കയാണ്. സഭാശുശ്രൂഷകൻ ജനങ്ങളുമായി അടുത്തിടപഴകുവാനും ബന്ധപ്പെടാനും അവസരം ലഭിക്കുന്നവനാണ്. അത് വളരെ പ്രലോഭനങ്ങൾക്കു വഴി ഒരുക്കുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാ പെരുമാറ്റങ്ങളിലും സംഭാഷണങ്ങളിലും സൂക്ഷ്മതയും ആത്മനിയന്ത്രണവും പാലിച്ചേ മതിയാവൂ. അനാശാസ്യങ്ങളും അശ്ലീലങ്ങളുമായ ടെലിവിഷൻ പരിപാടികൾ പോലും നിശ്ചയമായും ഒഴിവാക്കണം.

(3) മാന്യത പുലർത്തണം

വേഷത്തിലും, ഭാവത്തിലും സംഭാഷണങ്ങളിലും എല്ലാം നിയന്ത്രണം പുലർത്തണം. ഒച്ചപ്പാടും ബഹളവും ഉണ്ടാക്കുന്നവരെ മറ്റുള്ളവർ ആദരിക്കുകയില്ല. പരുക്കൻ ഭാവവും, വെറുപ്പും അറപ്പും ഉളവാക്കുന്ന സംഭാഷണരീതിയും പുലർത്തുന്ന വൈദികരെ ജനങ്ങൾക്കു പുച്ഛമായിരിക്കും. സമൂഹത്തിലായാലും ഭക്ഷണമേശയിലായാലും അന്തസ്സും ആഭിജാത്യവും പുലർത്തുവാൻ കഴിയണം.

(4) അതിഥി സൽക്കാരം ആചരിക്കണം (1 തീമോ: 3:2; തീത്തോ. 1:8)

ഇവിടെ ഉപയോഗിച്ചിട്ടുള്ള ഗ്രീക്കു വാക്കിന് "അതിഥികളെ സ്നേഹിക്കുന്നവൻ" എന്നാണ് അർത്ഥം. വ്യക്തിബന്ധങ്ങൾ സ്ഥാപിക്കുന്നതിനും നിലനിറുത്തുന്നതിനും ഇതാവശ്യമാണ്. അമിതമായ സൽക്കാരങ്ങളോ അനിയന്ത്രിതമായ സുഹൃത് സംഗമങ്ങളോ അല്ല പ്രതീക്ഷിക്കുന്നത്. സ്നേഹത്തോടും സൗഹൃദത്തോടും മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും, കഴിവും സാഹചര്യവും അനുവദിക്കുന്ന സൽക്കാരങ്ങൾ നടത്തുന്നതിനും കഴിയണം. അവിടെ മിതത്വം പാലിച്ചേ മതിയാവൂ.

(5) ഉപദേശിക്കുവാൻ സമർത്ഥൻ

സഭാശുശ്രൂഷകന്റെ പ്രധാനപ്പെട്ട ദൗത്യമാണ് പ്രബോധനം എന്നുള്ളത്. അതു പല രംഗത്ത് പല സന്ദർഭങ്ങളിലും പല വിധത്തിലും നടത്തുവാനുണ്ട്. പ്രധാനമായി ആരാധനാമദ്ധ്യേയുള്ള പ്രബോധനമാണ് (അതേപ്പറ്റി വിശദമായി പിന്നീടു പ്രതിപാദിക്കുന്നുണ്ട്). ആ പ്രബോധനങ്ങൾ കാര്യമാത്ര പ്രസക്തവും, ആകർഷകവും, ഉൾക്കാമ്പുള്ളതുമാകാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതു കൂടാതെ മറ്റ് ആത്മിക സംഘടനകളിലും പ്രാർത്ഥനായോഗങ്ങളിലും എല്ലാം പ്രബോധന ദൗത്യം നിറവേറ്റേണ്ടതായുണ്ട്. ഈ രംഗത്ത് അലസതയും അശ്രദ്ധയും വരുത്തിയാൽ ജനങ്ങൾ മറ്റു കേന്ദ്രങ്ങളിലേക്കു തിരിയുവാനും, അവരെ നഷ്ടപ്പെടുവാനും സാധ്യതയുണ്ട്.

(6) മദ്യപ്രിയനാകരുത്

അന്നത്തെ സമൂഹത്തിൽ മദ്യപാനം ഒരു വലിയ വിപത്തായിരുന്നു. സഭാ ശുശ്രൂഷകർ പോലും അതിന്റെ കെണിയിൽ വീണു. ഇന്നും മദ്യത്തിനടിമകളായ സഭാപ്രവർത്തകർ അപൂർവ്വമല്ല. സമൂഹത്തിന്റെ വലിയ ശാപവും, കെണിയുമായിരിക്കുന്ന മദ്യാസക്തിയിൽ നിന്നു ജനങ്ങളെ വിമുക്തരാക്കുവാൻ സഭാശുശ്രൂഷകർക്കു ചുമതലയുണ്ട്. വ്യക്തികളുടെയും കുടുംബങ്ങളുടെയും തകർച്ചയ്ക്കും നാശത്തിനും കാരണമാകുന്ന മദ്യവിപത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കുന്നത് ഒരു വലിയ ദൗത്യമായി എടുക്കേണ്ടിയിരിക്കുന്നു.

(7) തല്ലുകാരനും കലഹപ്രിയനുമാകരുത്

സ്വഭാവത്തിൽ മെരുക്കവും, ആത്മശിക്ഷണവുമില്ലാത്തവൻ എവിടെച്ചെന്നാലും പ്രശ്നങ്ങൾ സൃഷ്ടിക്കും. ചിലർ "വഴക്കു വിലയ്ക്കു വാങ്ങുന്നവരായി" കാണപ്പെടും. ജനങ്ങളുടെ ഇടയിലെ കലഹവും ശണ്ഠയും ഇല്ലാതാക്കി സമാധാനവും ശാന്തിയും കൈവരുത്തുവാൻ യത്നിക്കേണ്ട സഭാശുശ്രൂഷകൻ, വഴക്കിനു വഴിമരുന്ന് ഇട്ടുകൊടുക്കുന്നവനായി പ്രത്യക്ഷപ്പെട്ടാൽ എത്ര കഷ്ടമായിരിക്കും! സമാധാനമായി ഒഴുകിക്കൊണ്ടിരുന്ന ഇടങ്ങളിൽ എത്തി കലക്കവും ഭിന്നതയും ഉണ്ടാക്കി മുതലെടുക്കാൻ നോക്കുന്നവർ ഇല്ലാതില്ല. "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും". ഇതു കർത്താവിന്റെ വാക്കുകളാണ്.

വിവാദങ്ങളും തർക്കങ്ങളും നടത്താൻ ചിലർ തല്പരരാണ്. വിശ്വാസപരമായ കാര്യങ്ങളിലും, സഭാപരമായ വിഷയങ്ങളിലും വാഗ്വാദങ്ങളും തർക്കങ്ങളും നടത്തി അപരനെ കീഴ്പ്പെടുത്താമെന്ന് അഭിമാനിക്കുന്നവരുണ്ട്. തർക്ക

ങ്ങൾകൊണ്ട് ആത്യന്തികവിജയം സാധ്യമല്ല. അതുകൊണ്ട് മൗനമായിരിക്കണമെന്നല്ല. നമുക്കു പറയാനുള്ളത് സൗമ്യമായ ഭാഷയിലും വ്യക്തമായ രീതിയിലും സത്യസന്ധമായി അവതരിപ്പിക്കാം. അതാവശ്യവുമാണ്.

(8) ദ്രവ്യാഗ്രഹമില്ലാത്തവൻ ആയിരിക്കണം (1 തീമോ. 3:9, തീത്തോ. 1:7)

മറ്റു പല കഴിവുകളും നന്മകളുമുണ്ടെങ്കിലും, ദ്രവ്യാഗ്രഹം കടന്നുവന്നാൽ സഭാശുശ്രൂഷകന്റെ ദൗത്യം പരാജയപ്പെടും. സഭാശുശ്രൂഷകന്റെ സാമ്പത്തികം അത്ര അഭിമാനകരമല്ല. ഇതര ജീവിതവൃത്തിയിലേർപ്പെട്ടിരിക്കുന്ന അനേകരെ അപേക്ഷിച്ച് സഭാശുശ്രൂഷകരുടെ ശമ്പളം വളരെ കുറവാണ്. എന്നാൽ സാമൂഹിക ചുമതലകൾ അവർക്കു വളരെയുണ്ടു താനും. അതിഥി സൽക്കാരത്തിൽ നിന്നും, മറ്റുള്ള കടമകളിൽ നിന്നും ഒഴിഞ്ഞു നിൽക്കാവുന്നതല്ല. അതുകൊണ്ട് സാമ്പത്തികരംഗത്ത് അവർക്ക് പല സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും നേരിടേണ്ടതുണ്ട്. എന്നാൽ അവിടെ തികഞ്ഞ വിശ്വസ്തതയും സത്യസന്ധതയും കാര്യവിചാരകത്വ ദർശനവും പുലർത്തുന്നവർ വളരെയാണ്. വി. പൗലോസിന്റെ വാക്കുകളാണ് അവർക്കു ഉദ്ധരിക്കുവാനുള്ളത്. "ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല.... വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല" (2 കൊരി. 4:8).

ധനസംബന്ധമായ കാര്യങ്ങളിൽ സഭാശുശ്രൂഷകൻ അവിശ്വസ്തരായാൽ, അവർ എത്ര തന്നെ ഉന്നതസ്ഥാനീയർ ആയാലും, ജനങ്ങളുടെ ഇടയിൽ അവർക്കുള്ള മതിപ്പും ബഹുമാനവും കുറഞ്ഞുപോകും. മാത്രമല്ല അവരുടെ പ്രസംഗങ്ങളെയും, ശുശ്രൂഷകളെയും വിലയിരുത്തുന്നതു പോലും മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിലായിരിക്കും. അതുകൊണ്ട് സഭാ ശുശ്രൂഷകർ മിതവ്യയശീലം പുലർത്തുന്നവരും സാമ്പത്തികമായ അച്ചടക്കം കർശനമായി പാലിക്കുന്നവരുമായിത്തീരണം.

9. സ്വന്തം കുടുംബത്തെ നന്നായി ഭരിക്കുന്നവൻ (1 തീമോ. 3:4)

സന്യാസവ്രതം എടുത്തവരും, മേല്പട്ടക്കാരുമായ സഭാ ശുശ്രൂഷകർ ഒഴികെ മറ്റുള്ളവർ വിവാഹിതരും കുടുംബം സംരക്ഷിക്കുന്നവരുമാണ്. അതുകൊണ്ട് കുടുംബജീവിതത്തിൽ കൂടിയുള്ള അവരുടെ സാക്ഷ്യം പ്രാധാന്യമർഹിക്കുന്നു.

ഒന്നാമത്തെ കടമ കുടുംബത്തോടാണ്. പലരും അതു മറന്ന് ഇടവകയും, സഭയും, സാമൂഹ്യരംഗവുമായി ബന്ധപ്പെട്ട് അവയുടെ പ്രശ്നങ്ങളുമായി സമയം ചെലവിടുന്നവരുണ്ട്. കുടുംബത്തിൽ ഭാര്യയും മക്കളുമൊത്ത് സമയം ചെലവിടാൻ അവർക്കു കഴിയുന്നില്ല. അതിന്റെ ഫലമായി മക്കൾ അനിയന്ത്രിതരും, നല്ല സാക്ഷ്യമില്ലാത്തവരുമായി തീരുന്നു. വൈദികന്റെ സഭാ പ്രവർത്തനത്തിൽ ഇതു കളങ്കം ചാർത്തുവാനിടയാകും.

സഭാ ശുശ്രൂഷകന്റെ കുടുംബം ആ ദേശത്തിലെ "പ്രഥമ കുടുംബം" ആണ്. എന്നു പറഞ്ഞാൽ ആത്മീയവും ധാർമ്മികവും ആയ നിലവാരത്തിൽ പ്രാഥമ്യത പുലർത്തുവാൻ കഴിയുന്നതായിരിക്കണം. മറ്റുള്ളവർക്കു മാതൃകയാക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കുടുംബമാണ്. കുടുംബത്തിലെ ആത്മീയ ശിക്ഷണം, അടുക്കും ചിട്ടയുമുള്ള ജീവിതചര്യ, അവിടെ നടമാടുന്ന സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷം. ഇവയൊക്കെയാണ് മറ്റുള്ളവർക്കു മാതൃകയാകേണ്ടത്. പല സഭാ ശുശ്രൂഷകരുടെയും മക്കൾ, സാമൂഹ്യരംഗത്തും ആത്മികരംഗത്തും ഉന്നതസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്. ഓർത്തഡോക്സ് സഭയിൽ മാത്രമല്ല, മറ്റു സഭകളിലും ഇക്കാര്യം സത്യമാണ്.

10. പുതുതായി വിശ്വാസം സ്വീകരിച്ച ആൾ ആയിരിക്കരുത് (1 തീമോ. 3:6)

പഴയ വിശ്വാസിയും പുതിയ വിശ്വാസിയും എന്ന തരംതിരിവ് നിലനിറുത്തണമെന്നല്ല ഇവിടെ സൂചിപ്പിക്കുന്നത്. വളരെ പ്രധാനപ്പെട്ട ചുമതലകൾ ഏറ്റെടുക്കുമ്പോൾ അതിനു തക്ക പക്വതയും പരിജ്ഞാനവും പ്രാപിച്ചിട്ടില്ല എങ്കിൽ ആ വ്യക്തി സ്വധർമ്മത്തിൽ പരാജയപ്പെടുമെന്നു മാത്രമല്ല മറ്റനേകരെ വഴി തെറ്റിക്കാനുമിടയുണ്ട്.

യേശുവിനെ സ്വീകരിച്ച് വിശ്വാസം ഏറ്റുപറയുകയും മാമോദീസാ സ്വീകരിക്കുകയും ചെയ്താൽ എല്ലാമായി എന്നു കരുതുന്ന അനേകരുണ്ട്. സ്നാനമേറ്റ് സഭയിൽ ചേർന്നതു കൊണ്ടു മാത്രമായില്ല, വിശ്വാസത്തിന്റെ ആഴങ്ങൾ മനസ്സിലാക്കുവാനും ക്രിസ്തീയ ജീവിതത്തിന്റെ യാഥാർത്ഥ്യം അനുഭവിച്ചറിയാനുമുണ്ട്. അപ്രകാരമുള്ള ഒരു വളർച്ചയും പുരോഗതിയും ആവശ്യമാണ്. അതില്ലാതെ ഒരാളിനെ, അയാളുടെ മാനസാന്തരത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നേതൃത്വസ്ഥാനത്ത് അവരോധിക്കുന്നത് അപകടകരമാണ്.

കുത്തഴിഞ്ഞ ജീവിതത്തിനുടമയായിരുന്ന ഒരാൾ പെട്ടെന്ന് മാനസാന്തരപ്പെട്ട് സഭാ സേവനത്തിനായി വന്നാൽ, ഉടനെ പട്ടം നൽകി സഭാ ശുശ്രൂഷ ഏല്പിക്കുന്നത് ആശാസ്യമല്ല എന്നോർക്കണം. അങ്ങനെ ചില സംഭവങ്ങൾ ഇന്നും നടക്കുന്നുണ്ട്.

11. പുറമേയുള്ളവരോടു നല്ല സാക്ഷ്യം പ്രാപിച്ചവൻ (1 തീമോ 3:7)

സഭാ ശുശ്രൂഷകൻ ഇടവകയിലോ വിശ്വാസികളുടെ സമൂഹത്തിലോ മാത്രമല്ല പ്രവർത്തിക്കേണ്ടത്. അക്രൈസ്തവരായ അനേകർ ഉൾക്കൊള്ളുന്ന സമൂഹത്തിലും പ്രദേശത്തും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള സമൂഹത്തിൽ എപ്രകാരം വർത്തിക്കുന്നു? ഒരു നല്ല അയൽക്കാരനും ധാർമ്മിക നിഷ്ഠയുള്ള വ്യക്തിയും എന്ന് മറ്റുള്ളവർ സാക്ഷ്യം നല്കുമോ? മറ്റു ചെറുപ്പക്കാരുമായുള്ള ഇടപാടുകളിൽ മൂല്യബോധത്തോടെ വർത്തിച്ചിട്ടുണ്ടോ? ഇക്കാര്യങ്ങളൊക്കെ പരിഗണിക്കപ്പെടേണ്ടവയാണ്.

12. ദോഷം സഹിക്കുന്നവൻ (2 തീമോ. 2:24)

മറ്റുള്ളവരിൽ നിന്നു ചിലപ്പോൾ ഉപദ്രവവും പ്രയാസവും അനുഭവിക്കേണ്ടി വരാം. അപ്പോൾ വൈരാഗ്യ ബുദ്ധിയോടെ പ്രതികാര നടപടികൾക്കു പോകാതെ ശാന്തതയോടെ അത്തരം സാഹചര്യം നേരിടാൻ കഴിയണം. പലതും ക്ഷമിക്കാനും സഹിക്കാനും സന്നദ്ധത വെളിപ്പെടുത്തണം.

13. സമയം തക്കത്തിൽ ഉപയോഗിക്കുന്നവൻ

ക്രിസ്തീയ പ്രവർത്തകൻ ഇതര പ്രവർത്തകരിൽ നിന്ന് വ്യത്യാസപ്പെട്ടവനാണ്. അനേക ജനങ്ങളുടെ നോട്ടത്തിൽ അവർക്കു ഞായറാഴ്ച മാത്രമേ ജോലിയുള്ളു; അതും രണ്ടോ മൂന്നോ മണിക്കൂർ മാത്രം.

സഭാ ശുശ്രൂഷകർക്കു നിശ്ചിതസമയമില്ല; കാര്യക്ഷമമായ മേൽനോട്ടമില്ല. അതിനാൽ അവർ കർത്തവ്യബോധമില്ലാത്തവരാണെന്ന ആക്ഷേപമുണ്ട്. അതു തിരുത്തപ്പെടേണ്ടതാണ്. ഓരോ ദിവസത്തേയും പരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് കൃത്യമായി നടപ്പാക്കണം. വായന, പഠനം എന്നിവയ്ക്കു സമയം മാറ്റിവയ്ക്കണം. ഇടവകജനങ്ങളെ സന്ദർശിക്കുക, പ്രത്യേകിച്ച് രോഗത്തിലും വാർദ്ധക്യത്തിലും ഇരിക്കുന്നവരെ ചെന്നു കണ്ട് ആശ്വസിപ്പിക്കുക, ബൈബിൾ ക്ലാസ്സുകൾ, പ്രാർത്ഥനാ ഗ്രൂപ്പുകൾ മുതലായവ നടത്തുക ഇങ്ങനെ ഓരോന്നിനായി സമയം വിനിയോഗിക്കേണ്ടതുണ്ട്. മറ്റാരുടെയും മേൽനോട്ടമില്ലാത്തതിനാൽ എല്ലാം നിഷ്ഠാപൂർവം നടത്തുവാൻ സ്വയം ശിക്ഷണം നടത്തണം.

14. യേശുക്രിസ്തുവിനെ സകലത്തിലും മാതൃകയാക്കുന്നവൻ (2 തീമോ. 2:8)

"പുത്രന്റെ സ്വഭാവത്തോട് അനുരൂപരാകുവാൻ" ക്രിസ്തീയ ശുശ്രൂഷകർക്കു അധികമായ കടമയുണ്ട്. "ഇടയശ്രേഷ്ഠനായ" യേശുവാണ് അവരുടെ മാതൃക. അവിടുന്ന് ഐഹികജീവിതകാലത്ത് സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിറവേറ്റി. അതുപോലെ സകലത്തിലും ദൈവത്തിന്റെ ഇഷ്ടം അന്വേഷിച്ച് അതു നിറവേറ്റുന്നവരായിരിക്കണം. ഓരോ സന്ദർഭത്തിലും ദൈവഹിതം തിരിച്ചറിയുവാൻ കാത്തിരിക്കയും പ്രാർത്ഥിക്കുകയും വേണം. ആത്മാർത്ഥമായി ശ്രമിച്ചാൽ ദൈവം നമ്മെ സഹായിക്കുകയും തിരുഹിതം വെളിപ്പെടുത്തിത്തരികയും ചെയ്യും.

മേൽപ്പറഞ്ഞ യോഗ്യതകൾ എല്ലാം ആർക്കു കൈവരിക്കാൻ കഴിയും എന്ന് ചോദിച്ചേക്കാം. മാലാഖമാർക്കു പോലും അസാധ്യമായ കാര്യങ്ങൾ ബലഹീനരായ മനുഷ്യർ എങ്ങനെ നിറവേറ്റും എന്നു പറഞ്ഞ് കൈയൊഴിയുവാനോ സ്വയം നീതീകരിക്കാനോ അല്ല ശ്രമിക്കേണ്ടത്. മുന്നിൽ വച്ചിരിക്കുന്ന മാനദണ്ഡം ചെറുതല്ല, വളരെ വലുതാണ് എന്ന അവബോധത്തോടെ പരിശ്രമിക്കയാണു വേണ്ടത്. ആശ്രയബോധവും സ്ഥിരോത്സാഹവുമാണ് ആവശ്യമുള്ളത്.

❑

അനുസ്മരണം

എഴുത്തിനെ ഹൃദയത്തിന്റെ മർമ്മരമാക്കി

ഡോ. പോൾ മണലിൽ



ഡോ. സി. ജെ. റോയ് അന്തരിച്ചു

കോട്ടയം: പ്രശസ്ത സാഹിത്യകാരനും ഭാഷാശാസ്ത്ര ഗവേഷകനും മധുര കാമരാജ് യൂണിവേഴ്സിറ്റി മുൻ മലയാള വിഭാഗം മേധാവിയും മുൻ മലങ്കര സഭാ മാനേജിംഗ് കമ്മിറ്റിയംഗവുമായ ഡോ. സി. ജെ. റോയ് അന്തരിച്ചു.

കോട്ടയം പുതുപ്പള്ളി ചാത്തമ്പടം ജോസഫിൻറെ മകനായി 1935 ജൂലൈ 13-നു ജനിച്ചു. കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നു മലയാളം, ഭാഷാശാസ്ത്രം എന്നീ വിഷയങ്ങളിൽ എം.എ. ബിരുദം സമ്പാദിച്ചു. 1970-ൽ ഭാഷാശാസ്ത്രത്തെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നു ഡോക്ടറേറ്റ് ലഭിച്ചു. കുറെക്കാലം പത്രപ്രവർത്തനം നടത്തി. പിന്നീടു കോളേജ് ലക്ചററായി. മധുര കാമരാജ് യൂണിവേഴ്സിറ്റി മലയാളവിഭാഗം സ്ഥാപകനും ഡയറക്ടറുമായിരുന്നു.

മലയാളത്തിൽ നാലു ഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ മൂന്നു ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. എ. ആർ. രാജരാജവർമ്മയുടെ കേരളപാണിനിയം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. ചെയർമാൻ, മെംബർ എന്നീ നിലകളിൽ നിരവധി അക്കാദമിക് സമിതികളിലും വിവിധ സാംസ്കാരിക സംഘടനകളുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചു.

ഭാഷയുടെയും സാഹിത്യത്തിന്റേയും സൗന്ദര്യം വായനക്കാരിൽ എത്തിച്ച പ്രതിഭാശാലിയായിരുന്നു ഡോ. സി. ജെ. റോയ് (1935-2022). പത്രപ്രവർത്തകനായി ജീവിതം ആരംഭിച്ച ഡോ. റോയ് ഏറെ വ്യാപരിച്ചതും പ്രവർത്തിച്ചതും അദ്ധ്യാപനത്തിലും സാഹിത്യത്തിലുമായിരുന്നു. മലയാളത്തിലെ ഉപന്യാസ സാഹിത്യശാഖയെ സർഗ്ഗാത്മകമാക്കിയ റോയ്, ഭാഷാഗവേഷണത്തിലും ഭാഷാശാസ്ത്രത്തിലും മുഴുകിക്കൊണ്ട് സാഹിത്യകൃതികളെ ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തണമെന്ന ആശയം അവതരിപ്പിച്ച നിരൂപകനുമാണ്. ഭാഷാശാസ്ത്രത്തിൽ നിർവ്വചിക്കാത്ത ഹൃദയത്തിന്റെ ഭാഷയെന്ന തത്ത്വമാണ് ഡോ. സി. ജെ. റോയിയുടെ ഭാഷാശാസ്ത്ര നിരൂപണശൈലിയുടെ അടിസ്ഥാനം. എഴുത്തിനേയും അദ്ദേഹം ഹൃദയത്തിന്റെ മർമ്മരമാക്കി. ഭാഷ അതിന്റെ ഉപകരണവുമായി.

ജീവിതത്തിൽ വേറിട്ട വഴികളിലൂടെ സഞ്ചരിച്ചാണ് റോയിയിലെ എഴുത്തുകാരൻ പരുവപ്പെട്ടത്. കോട്ടയത്തെ പുതുപ്പള്ളിയിൽ ഒരു അദ്ധ്യാപകന്റെ മകനായി ജനിച്ച റോയ് അപ്പന്റെ വഴികളിലൂടെ നടന്നാണ് അദ്ധ്യാപകനും പത്രപ്രവർത്തകനും എഴുത്തുകാരനുമായിത്തീർന്നത്. തനിക്കു ചുറ്റുമുള്ള മനുഷ്യരുടെ ദാരിദ്ര്യവും യാതനയും കണ്ടു വളർന്ന അദ്ദേഹം ബാല്യത്തിൽ തന്റെ പൊതിച്ചോറ് ക്ലാസ്സിലെ വിശക്കുന്ന കൂട്ടുകാർക്കായി മാറ്റിവെച്ചു. റോയിയുടെ അപ്പനും അങ്ങനെ തന്നെയായിരുന്നു. പാവങ്ങളുടെ വിശപ്പടക്കാൻ വീടുകളിൽ നിന്നു പിടിയരി ശേഖരിച്ച് മാങ്ങാനത്തെ സാധു മത്തായിച്ചൻ എന്ന ആതുരസേവകന്റെ കൂടെചേർന്ന് അഗതിമന്ദിരം ഉണ്ടാക്കിയ അദ്ധ്യാപകനായിരുന്നു റോയിയുടെ അപ്പൻ. ഡോ. റോയിയും തന്റെ പഠനകാലത്തും അതിനുശേഷവും മിച്ചംവരുന്ന പണം പാവങ്ങൾക്കായി വിതരണം ചെയ്തു. അപ്പൻ പാവങ്ങളെ ശുശ്രൂഷിക്കുന്നതു കണ്ടിട്ട് ഒരു ഡോക്ടറാകാൻ ആലുവ യു.സി. കോളജിൽ ബി.എസ്.സി. ബോട്ടണി പഠിക്കാൻ ചേർന്ന റോയി, അവിടെ മലയാളം പഠിപ്പിക്കാനെത്തിയ കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ശിഷ്യനായി മാറുകയായിരുന്നു. ആലുവാപ്പുഴപോലെ നിർമ്മലമായി ഒഴുകിയിരുന്ന കുറ്റിപ്പുഴയുടെ ഗദ്യശൈലി റോയിയെ സ്വാധീനിച്ചു. യു. സി. കോളജിൽ ക്ലാസ്സെടുക്കാൻ ഇടയ്ക്കിടെ എത്തിയ വിശ്വവിശ്രുതനായ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഉദാത്തചിന്തകളും റോയിയുടെ ചിന്താജീവിതത്തിൽ ഭാസുരസങ്കല്പങ്ങൾ ഉണർത്തി.


വീട്ടിലെ ഞെരുക്കങ്ങളും നാട്ടിലെ ദാരിദ്ര്യവും ഒരുപോലെ മനസ്സിൽ തട്ടിയപ്പോൾ പഠനം തുടരാൻ കഴിയാതെ സി. ജെ. റോയ് കോട്ടയത്തു പൈകടാസ് ട്യൂട്ടോറിയൽ കോളജിൽ അദ്ധ്യാപകനായി. ഒരു നേരം ഭക്ഷണം കഴിച്ചും പബ്ലിക് ലൈബ്രറിയിൽ പോയി പുസ്തകങ്ങൾ വായിച്ചും ട്യൂട്ടോറിയൽ കോളജ് ജീവിതം നയിച്ച റോയ് തന്റെ വരുമാനം അപ്പന്റെ വഴിയിൽ പാവങ്ങൾക്കുവേണ്ടി നീക്കിവച്ചു. ഇക്കാലത്തെ വായനയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടാണ് പത്രപ്രവർത്തകനാകാൻ തീരുമാനിച്ചത്. മലയാള മനോരമയിലെ കെ. എം. മാത്യുവിന്റെ മുമ്പിലേക്ക് കടന്നുചെന്ന് ഒരു ജോലി ചോദിച്ചപ്പോൾ റോയിയെ അദ്ദേഹം കൈപിടിച്ചുകൊണ്ട് ചെന്നാക്കിയത് അക്ഷരങ്ങളുടെ സൗന്ദര്യം കണ്ടെത്താനല്ല, അക്ഷരപിശാചുക്കളെ കണ്ടെത്താനായിരുന്നു. മനോരമയിൽ പ്രൂഫ് റീഡറായി ജോലി ചെയ്തതുകൊണ്ടാണ് പിൽക്കാലത്ത് മലയാളത്തിലെ അക്ഷരമാല തന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയതെന്ന് റോയ് പറഞ്ഞിട്ടുണ്ട്. അങ്ങനെ അക്ഷരവും അക്ഷരത്തെറ്റും വാക്യവും വാക്യത്തെറ്റും തിരിച്ചറിഞ്ഞ റോയ് ഭാഷയുടെ സൗന്ദര്യം അന്വേഷിക്കാൻ തന്റെ മനസ്സിനെ പാകപ്പെടുത്തി. അങ്ങനെയിരിക്കെ ഒരു ദിവസം കെ. എം. മാത്യു എന്ന മാത്തുക്കുട്ടിച്ചായൻ ചെറുപ്പക്കാരനായ റോയിയെ പത്രത്തിന്റെ എഡിറ്റോറിയൽ മുറിയിലേക്ക് കൊണ്ടുപോയി. എഡിറ്റിംഗ് പഠിപ്പിക്കാൻ റോയിയെ കെ. പി. കെ. പിഷാരടിയെ ഏല്പിച്ചു. അങ്ങനെയാണ് മനോരമയിൽ പത്രപ്രവർത്തനം തുടങ്ങിയത്.

വിദ്യാർത്ഥികളെ സ്നേഹിച്ച ഗുരുനാഥൻ

മനോരമയിൽ എഡിറ്റിംഗ് മാത്രമല്ല, റിപ്പോർട്ടിംഗും തുടങ്ങിയ റോയ് ഒരു എഴുത്തുകാരൻ എന്ന നിലയിൽ അന്നുമുതൽ അറിയപ്പെടാനും തുടങ്ങി. വായിച്ച പുസ്തകങ്ങളെപ്പറ്റി എഴുതിത്തുടങ്ങിയ അദ്ദേഹത്തിന്റെ രചനകൾ മലയാളത്തിലെ പ്രമുഖ എഴുത്തുകാരുടെ ശ്രദ്ധയിൽപ്പെട്ടു. എൻ. വി. കൃഷ്ണവാരിയർ പിൽക്കാലത്ത് മാതൃഭൂമി വാരികയുടെ പത്രാധിപരായപ്പോൾ ഡോ. റോയിയുടെ നിരൂപണങ്ങൾ 'വളരുന്ന സാഹിത്യം' എന്ന പംക്തിയിൽ ഉൾപ്പെടുത്തി. ബഷീറിന്റെ 'പാത്തുമ്മായുടെ ആട്' ഇംഗ്ലീഷിലാക്കി 'ദ് ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ'ക്ക് അയച്ചുകൊടുത്തു. മനോരമയിലെ ജോലി റോയിയുടെ സാഹിത്യലോകത്തിലേക്കുള്ള തുടക്കമായെങ്കിലും മലയാള ഭാഷയും സാഹിത്യവും പഠിക്കാനുള്ള മോഹമാണ് അന്ന് അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യമായത്. അങ്ങനെയാണ് ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ പി. വി. ഉലഹന്നാൻ മാപ്പിളയുടെ ശിഷ്യനായി മലയാളം എം. എ. ക്ലാസ്സിലെത്തിയത്. ഫസ്റ്റ് ക്ലാസ്സിൽ എം. എ. പാസ്സായ റോയിയെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലേക്ക് അന്ന് വകുപ്പ് അദ്ധ്യക്ഷനായ പുത്തൻകാവ് മാത്തൻ തരകൻ ക്ഷണിച്ചു. അവിടെ പഠിപ്പിക്കുമ്പോഴാണ് ഭാഷാശാസ്ത്രം പഠിക്കാനുള്ള മോഹവുമായി പ്രൊഫ. വി. ഐ. സുബ്രഹ്മണ്യന്റെ ശിഷ്യനായത്. മധുര കാമരാജ്

യൂണിവേഴ്സിറ്റിയിൽ മലയാളം വിഭാഗം തുടങ്ങിയപ്പോൾ വി. ഐ. സുബ്രഹ്മണ്യമാണ് ഡോ. റോയിയെ മധുരയിലേക്കു പറഞ്ഞയച്ചത്. അവിടെ ഡോ. റോയി വകുപ്പ് അദ്ധ്യക്ഷനും മറുനാട്ടിൽ മലയാളം പഠിക്കാൻ എത്തിയ അനേകരുടെ പ്രിയപ്പെട്ട ഗുരുവര്യനുമായി മാറി.

ഭാഷാശാസ്ത്രപഠനത്തിനു ജനകീയമായ അടിത്തറ കണ്ടെത്തിയ ഡോ. റോയ് കണ്ണൂരിലെ കുഗ്രാമങ്ങളിൽ താമസിച്ചാണ് 'തിയ്യ ഡയലക്റ്റ്' എന്ന പേരിൽ ഒരു ബൃഹദ് ഗ്രന്ഥമെഴുതിയത്. ഹെർമ്മൻ ഗുണ്ടർട്ട് പണ്ട് തലശ്ശേരിയിലെ ചന്തയിൽ പോയി മലയാളം പദങ്ങളുടെ അർത്ഥവും ആഴവും മനസ്സിലാക്കിയതുപോലെ ഡോ. റോയ് ജനങ്ങളുടെ ഇടയിലും അവരുടെ കൂടെയും താമസിച്ചാണ് ഭാഷാശാസ്ത്ര പഠനത്തിന് ഒരു അടിസ്ഥാനപ്രമാണമായ 'തിയ്യ ഡയലക്റ്റ്' എഴുതിയത്. 1965-ൽ കേരള യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച ഭാഷാഭേദ പഠനപദ്ധതിയിലെ ആദ്യ ഗവേഷകനായി ഡോ. റോയ് കോഴിക്കോട്ടെ കുന്നമംഗലത്തും കണ്ണൂരിലെ ചെമ്പിലോട്ടും ദീർഘകാലം താമസിച്ചാണ് ഭാഷാഭേദപഠനം നടത്തിയത്. ഇത്തരം ഭാഷാപഠനപദ്ധതികൾ തുടർന്ന് മലയാളത്തിൽ നടക്കാതെ പോയത് ഭാഷയുടെ ഭാഗ്യക്കേടായെങ്കിലും ഡോ. റോയ് ഒരു ഡസനിലേറെ വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിലും മറ്റും ഗവേഷണ ഗൈഡായി പി.എച്ച്.ഡി. നേടിക്കൊടുത്തിട്ടുണ്ട്. 'ഭാഷാദർശനം' എന്ന പേരിൽ ഡോ. റോയ് മറ്റൊരു പുസ്തകവും എഴുതിയിട്ടുണ്ട്. 'കേരളപാണിനീയം' ഇംഗ്ലീഷിലേക്ക് ആദ്യമായി വിവർത്തനം ചെയ്തതും ഡോ. റോയിയാണ്.



അദ്ധ്യാപകനെന്ന നിലയിൽ വ്യത്യസ്തമായ ഒരു ശൈലി ഡോ. റോയിക്ക് ഉണ്ടായിരുന്നു. കുട്ടികളെ 'സ്നേഹിച്ചു' പഠിപ്പിക്കുന്നതായിരുന്നു ആ ശൈലി. മധുര യൂണിവേഴ്സിറ്റി കാമ്പസ്സിലെ മരത്തണലിൽ കുട്ടികളുടെ കൂടെയിരുന്നു വർത്തമാനം പറഞ്ഞു പഠിപ്പിച്ച അദ്ദേഹത്തിന്റെ ഓരോ ക്ലാസ്സും അന്നന്ന് ഇറങ്ങുന്ന മലയാളം പത്രത്തിലെ പദങ്ങളും വാചകങ്ങളും മുൻനിർത്തിയുള്ള ഭാഷാപഠന സംവാദങ്ങളായിരുന്നു. കുട്ടികൾക്ക് അസുഖം വരുമ്പോൾ അവർക്ക് റോയി സാറിന്റെ വീടായിരുന്നു ആശുപത്രി. അസുഖം ബാധിച്ചു കിടക്കുന്നവരെ കാണാൻ സഹപാഠികൾ വരുമ്പോൾ അവർക്കും കഞ്ഞിയും പയറും നൽകുന്ന ഗുരുവായിരുന്നു ഡോ. റോയ്.

മനുഷ്യസ്നേഹവും ആർദ്രതയും കാരുണ്യവും ചാലിച്ചെഴുതിയവയായിരുന്നു ഡോ. റോയിയുടെ ഉപന്യാസങ്ങൾ. കണ്ണീരിനേയും കരച്ചിലിനേയും മധുരമാക്കുന്ന ഗദ്യശൈലിയിൽ എഴുതിയിരിക്കുന്ന ആ ഉപന്യാസങ്ങൾ ഭൂമിയുടെ ഗന്ധം, സ്വപ്നങ്ങളുടെ സന്ധ്യ, പുതിയ മുഖങ്ങൾ, അകക്കണ്ണ്, ഭാവുകത്വത്തിന്റെ പാതയിൽ തുടങ്ങിയ പുസ്തകങ്ങളിൽ സമാഹരിച്ചിട്ടുണ്ട്. സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും ഗുരുക്കന്മാരായി കരുതുന്ന കണ്ടത്തിൽ വറുഗീസ് മാപ്പിള, കുറ്റിപ്പുഴ കൃഷ്ണപിള്ള, സുകുമാർ അഴീക്കോട് എന്നിവരുടെ ജീവചരിത്രവും അതേ ശീർഷകത്തിൽ ഡോ. റോയ് എഴുതിയിട്ടുണ്ട്. വേദശാസ്ത്രത്തിൽ ആകൃഷ്ടനായിരുന്ന അദ്ദേഹത്തിന്റെ ആ വഴിയിലുള്ള കൃതികളാണ് 'സ്നേഹക്കൂട്', 'ഇല വാടാത്ത വൃക്ഷങ്ങൾ' എന്നിവ.

'സ്വർഗ്ഗത്തിലേക്കുള്ള വാതിൽ' എന്ന ശീർഷകത്തിൽ ഡോ. റോയ് ഒരു ഉപന്യാസം എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ ബാല്യത്തിൽ അക്ഷരം പഠിപ്പിച്ച ആശാട്ടിയുടെ അന്ത്യശുശ്രൂഷയിൽ പങ്കെടുത്തതിന്റെ ഒരു ഓർമ്മക്കുറിപ്പാണിത്. ആ വിലാപയാത്രയുടെ ഏറ്റവും പിന്നിൽ കണ്ണീർ ഒഴുക്കി നടന്ന ആ ശിഷ്യൻ ഈ ഉപന്യാസം എഴുതി നിർത്തുന്നതു ഇങ്ങനെ: "ആകാശത്തിന്റെ ഒരു കോണിൽ നിന്ന് വലിയൊരു നക്ഷത്രം എന്നെ നോക്കി കണ്ണു ചിമ്മുന്നു. അപ്പോൾ ഓർത്തു, ആ നക്ഷത്രത്തിനു പിന്നിൽ എവിടെയോ ആണല്ലോ സ്വർഗ്ഗത്തിലേക്കുള്ള വാതിൽ!"

(ഡോ. റോയ്, അനേകം കുട്ടികളുടെ അക്ഷരഗുരുവായിരുന്നു. അദ്ദേഹത്തിന്റെ ചരമവാർത്ത പത്രത്തിലെ ചരമക്കോളത്തിൽ ഒതുക്കിയെങ്കിലും അതിന്റെ വേലിക്കെട്ടിൽ നിന്നു റോയ് സാർ സ്വർഗ്ഗത്തിലേക്കുള്ള വാതുക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു.)



തകഴി, കെ. എം. തരകൻ, പോൾ മണലിൽ എന്നിവരോടൊപ്പം.



ഒ. വി. വിജയൻ, പോൾ മണലിൽ എന്നിവരോടൊപ്പം.



സുകുമാർ അഴീക്കോട്, ജസ്റ്റീസ് കെ. ടി. തോമസ്, പോൾ മണലിൽ എന്നിവരോടൊപ്പം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



ദൈവാന്വേഷികൾ

ദനഹായ്ക്ക് ശേഷം മൂന്നാം ഞായർ (വി. യോഹന്നാൻ 3:1–12)

ഫാ. കെ. കെ. വർഗീസ്

വിശുദ്ധ യോഹന്നാന്റേ സുവിശേഷത്തിലെ ആദ്യ അധ്യായങ്ങളിൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തെ കുറിച്ച് നിരവധി ആമുഖ വാക്കുകൾ നമ്മൾക്ക് ലഭിക്കുന്നുണ്ട്. ദൈവത്തോടു കൂടെ ആയിരുന്ന വചനം, ജോർദാനിലെ സ്നാനം, തന്നോടൊപ്പം ഇരിക്കുവാനുള്ള ക്ഷണം, മുതലായവ.

മൂന്നാം അധ്യായം ആരംഭിക്കുമ്പോൾ, നമ്മുടെ കർത്താവിൻറെ പഠിപ്പിക്കലിലെ ആദ്യത്തേതും ഗഹനവുമായ പ്രഭാഷണത്തിന് പറ്റി വിശുദ്ധ യോഹന്നാൻ നമ്മളെ പരിചയപ്പെടുത്തുന്നു. ദാമ്പത്യത്തിൽ ജഢരെ രൂപംനൽകിയ ഒരു അംഗ്യമാണ് ഒരുവൻ ഈ ഭൂമിയിൽ അവതരിക്കാൻ ഇടയായത്. അതായത് അത് ദൈവത്തെന്റേയും മറ്റൊരു ഓരോരുത്തരുടെയും കൂടി ഫലമാണ് നാം ഓരോരുത്തരും. അങ്ങനെ ജീവിതത്തിലേക്ക് കടന്ന നമ്മൾ നിത്യജീവനിലേക്ക് കടക്കാൻ ഒരു വീണ്ടും ജനനത്തിന്റെ ആവശ്യകതയെപ്പറ്റി ക്രിസ്തു പഠിപ്പിക്കുന്നു.

പെരുന്നാളിൽ സംബന്ധിക്കുവാൻ യെരുശലേമിൽ ചെന്ന കർത്താവ് (2/13), അവിടെ ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും കണ്ടവർ അവനിൽ വിശ്വസിക്കുവാൻ തുടങ്ങി. ആ സമയത്ത് യെരുശലേമിൽ ഉണ്ടായിരുന്ന നിക്കോദിമോസ് ഇക്കാര്യങ്ങൾ കണ്ടു മനസ്സിലാക്കിയതിനാലാവണം ക്രിസ്തുവിനെ സമീപിക്കുന്നു .

1: പരീശന്മാരുടെ കൂട്ടത്തിൽ (3/1)

ന്യായപ്രമാണത്തിന് വ്യാഖ്യാനങ്ങൾ ഉണ്ടാക്കി അവയുടെ മുഴുവൻ വശങ്ങളും വിശദാംശങ്ങളും നിരീക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ ഏകദേശം ആറായിരത്തിലധികം വ്യക്തികൾ ഉള്ള ഒരു മത സംവിധാനമായിരുന്നു പരീശന്മാർ.

പഞ്ചഗ്രന്ഥങ്ങളിലെ പ്രബോധനങ്ങൾ അവർക്ക് തൃപ്തികരമാം വണ്ണം മതിയായവ ആയിരുന്നില്ല. അതുകൊണ്ടുതന്നെ ഓരോ കല്പനയും പ്രത്യേകം നിർവഹിച്ച നിയമമാക്കാൻ അവർ ഉത്സാഹിച്ചു.

ഉദാഹരണം, ശാപത്തിൽ വേല ചെയ്യരുത് എന്നതിൻറെ അർത്ഥം അറിയുവാൻ അവർ ആഗ്രഹിച്ചു. ശാബത്തിൽ നടക്കാനാവുമോ?? അതൊരു ജോലിയാണോ?? അന്ന് എത്ര ദൂരം നടന്നു പോകാനാകും?? എന്തെല്ലാം കൂടെ കൊണ്ടു പോകാം?? ഇസ്രായേൽജനം പാലിക്കേന്തിയിരുന്ന നിയമങ്ങളും അവയുടെ വിശദീകരണങ്ങളും ആയി 63 വാല്യങ്ങൾ 'തൽമൂദ്' എന്നപേരിൽ അവർ ക്രമീകരിച്ചു. അതിൻപ്രകാരം ശാബത്ത് ദിവസത്തെ യാത്ര ദൂരം 2000 മുഴം ആയിരുന്നു. എന്നാൽ ആ തെരുവിൻറെ അറ്റത്ത് ഒരു കയറു കെട്ടിയാൽ ആ തെരുവ് ഒരു വീട് ആയി കണക്കാക്കുകയും അപ്പോൾ ആ വീട്ടിൽ നിന്ന് മറ്റൊരു വീട്ടിലേക്ക് ആയിരം മീറ്റർ കൂടി യാത്ര ചെയ്യുകയുമാവാം എന്ന് അവർ വ്യാഖ്യാനം ചമച്ചു.!. നിയമങ്ങൾ എത്രത്തോളം വിപുലവും കർക്കശവും ആയിരുന്നു എന്നതിന് ഉദാഹരണമാണ് ഇത്. ഇതിൻറെ നിരീക്ഷണ സമിതിയിലെ അംഗങ്ങൾ ആയിരുന്നു പരീശന്മാർ.

2: നിക്കോദിമോസ്

അവൻ പരീശനായിരുന്നു. ' വേർപിരിഞ്ഞ ' എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നു. ന്യായപ്രമാണ പാലനത്തിലും പരിശീലനത്തിലും സാധാരണജനങ്ങളിൽ നിന്നു വേറിട്ടവൻ എന്ന അർത്ഥമാവാം ഇവിടെ കാണുന്നത്. നീതിമാനായി കണക്കാക്കപ്പെടുന്ന ഒരാൾ പാലിക്കേണ്ട പല ചെറിയ നിയമങ്ങൾക്കുമുള്ള വിശദീകരണവും ഉത്തരവും ആധികാരികമായി ലഭിക്കുവാൻ അനേകം ശാസ്ത്രിമാർ അവനെ സമീപിക്കുകയും ചെയ്തിരുന്നു.

3: എന്തുകൊണ്ട് രാത്രിയിൽ (1:2)

A: പകൽ സമയം മുഴുവൻ ജനങ്ങൾ യേശുവിൻ ചുറ്റും തടിച്ചു കൂടുന്നതും അവരുടെ ആവശ്യങ്ങളിൽ താൻ എത്രത്തോളം ശ്രദ്ധാലുവാണ് എന്നതും കണ്ടതിനാലാവാം.

B: നിക്കോദിമോസിനെ ഒരാൾക്ക് പകൽ സമയത്ത് നിരവധി ഉത്തര വാദിത്വങ്ങൾ ഉണ്ടാവാം.

C: മൂന്നാം സാധ്യത മതബോധന സമിതിയിൽ നിന്നോ ഭരണാധികാരികളിൽ നിന്നോ തനിക്കെതിരെ എതിർപ്പും പരിഹാസവും വരുമെന്നും അയാൾ ചിന്തിച്ചു കാണും.

നമ്മുടെ വ്യക്തിപരമായ തിരക്കുകൾ ദൈവ അന്വേഷണത്തിൽ നിന്ന് നമ്മെ പിന്തള്ളുന്നുണ്ടോ എന്ന് ധ്യാനിക്കുവാൻ ആദ്യത്തെ ചിന്ത സഹായകരമാണ് (കർത്താവിനെ സൽക്കരിക്കാൻ ഉള്ള തയ്യാറെടുപ്പുകൾ കാരണം മാർത്തയ്ക്ക് കർത്താവിന്റെ കാൽക്കൽ ഇരിക്കുവാൻ കഴിഞ്ഞില്ല എന്നുള്ളത് ധ്യാനിക്കുക).

അതേപോലെതന്നെ നമ്മളുടെ സാന്നിധ്യം മൂലം മറ്റാർക്കെങ്കിലും ദൈവ സാന്നിധിയിലേക്ക് പ്രവേശിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടോ എന്നു കൂടിയും ചിന്തിക്കേണ്ടതാണ് (പുരുഷാരം നിമിത്തം സക്കായിക്ക് കർത്താവിനെ കാണാൻ കഴിഞ്ഞില്ല എന്ന വേദഭാഗം ഇവിടെ ചേർത്തു വയ്ക്കാവുന്നതാണ്.)

കർത്താവിലുള്ള നമ്മുടെ വിശ്വാസത്തെക്കുറിച്ച് ധൈര്യത്തോടെ സംസാരിക്കുവാൻ പിശാച് നമ്മളെ സമ്മതിക്കുന്നില്ല എന്ന് ഒരു വായന ഈ ഭാഗത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് കണ്ടെടുക്കാനാകും. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ തീക്ഷ്ണതയെ തടസ്സപ്പെടുത്തുന്ന ഒരു ആത്മാവിനെപ്പറ്റി എഫേസ്യർ 2:2-ൽ കാണുന്നുമുണ്ട്.

തന്നിലുള്ള വിശ്വാസം മറച്ചു വെക്കുമ്പോൾ പരി. ആത്മാവിന്റെ ദാരിദ്ര്യമാണ് വെളിപ്പെടുന്നത്.

'നീതിമാന്മാർ ബാല സിംഹങ്ങളെ പോലെ ധീരരാണെന്ന്' സദൃശ്യവാക്യം 28:1 പറയുന്നു.

നിക്കോദിമോസിനു ക്രിസ്തുവിനെപ്പറ്റി വ്യക്തിപരമായ സാക്ഷ്യം പറയുവാനുള്ള ധൈര്യം പോലും കാണുന്നില്ല. അവന് ചില ബോധ്യങ്ങൾ ഉണ്ടായിട്ടും, എനിക്ക് അറിയാം എന്നല്ല ഞങ്ങൾക്കറിയാം എന്നാണ് അവന്റേ ഭാഷ്യം (3:2).

4: ദൈവ രാജ്യത്തിന്റെ സ്വഭാവം (3:35)

താൻ മനസ്സിലാക്കിയ അത്ഭുതപ്രവർത്തികളെ കുറിച്ചും അത് സാധ്യമാക്കാൻ ക്രിസ്തുവിനു ലഭിച്ച ദൈവീകശക്തികളെ കുറിച്ചും ഒക്കെയാണ് നിക്കോദിമോസ് സംസാരിക്കുന്നത്. എന്നാൽ ക്രിസ്തു ആകട്ടെ നിക്കോദിമോസിനെ ദൈവ രാജ്യത്തിൻറെ ആത്മീയ സ്വഭാവത്തെപ്പറ്റി പഠിപ്പിക്കുവാൻ ആരംഭിക്കുന്നു. ഒരുപക്ഷേ ഒരു വ്യക്തി എന്ന നിലയിൽ ക്രിസ്തുവിന്റെ അടയാളങ്ങളെടെയും അത്ഭുതങ്ങളുടെയും ആകെ തുകയായ ദൈവരാജ്യത്തിനെ പറ്റിയുള്ള അന്വേഷണമാവാം അവനെ ക്രിസ്തുവിൻറെ അടുക്കലേക്ക് കൊണ്ടുവരുന്നത്. വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ 'ദൈവരാജ്യം' എന്ന പദം രണ്ട് പ്രാവശ്യം മാത്രമേ ഉപയോഗിക്കുന്നുള്ളൂ.(3:3,5). തുടർന്നുള്ള ഭാഗങ്ങളിൽ 'നിത്യജീവൻ' എന്ന് മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്.

1: പുതിയതായി ജനിച്ച വർക്ക് മാത്രമേ അത് അനുഭവവേദ്യം ആവുകയുള്ളൂ (3:3).

2: വെള്ളത്തിലും ആത്മാവിലും ഉള്ള ജനനമാണ് ദൈവരാജ്യ പ്രവേശനത്തിനുള്ള യോഗ്യത (3:5).

3: സ്വാഭാവിക ജനനം വഴി കാണപ്പെടുന്ന ഈ ലോകം ഒരുവന് ലഭിക്കുമ്പോൾ, ദൈവരാജ്യം നൽകപ്പെടുന്നത് പുതിയതായി ജനിക്കുക വഴിയാണ്.

4:സാധാരണ വിശ്വാസത്തിൽ നിന്ന് ശരിയായ വിശ്വാസത്തിലേക്കുള്ള (belief to faith) വളർച്ചയാണ് ദൈവരാജ്യ അനുഭവത്തിന്റെ പ്രത്യക്ഷമായ സൂചനകൾ.

5: സ്വർഗ്ഗരാജ്യത്തിലെ മർമ്മങ്ങൾ അറിയുക എന്നത് വിശ്വാസമുള്ളവർക്ക് മാത്രം നൽകപ്പെട്ട അവകാശമാണ് (മത്തായി 13:10-12)

6: അടയാളങ്ങളോ അത്ഭുതങ്ങളോ അല്ല ദൈവരാജ്യ അന്വേഷണത്തിന് പ്രേരകം.

7: ദൈവത്തിനു മാത്രമേ അത് വെളിപ്പെടുത്താൻ ആവുകയുള്ളൂ

5: വെള്ളത്താലും ആത്മാവാലും.

ദൈവരാജ്യം അഥവാ നിത്യജീവനിലേക്കുള്ള പ്രവേശനത്തിന് ഒരു സ്നാനത്തിന്റെ ആവശ്യകതയെപ്പറ്റി കർത്താവ് ഇവിടെ സൂചിപ്പിക്കുന്നു. സമ്പൂർണ്ണമായ സമർപ്പണ ത്തിലേക്ക് പ്രവേശിക്കുന്ന ഒരു വ്യക്തിക്ക് സ്നാപനം അഥവാ കഴുകലിലൂടെ ക്രിസ്തുവിനോടും അവൻറെ വിശുദ്ധ സംഘത്തോടും ബന്ധപ്പെട്ട്, പുതിയതും ആത്മാവിനാൽ നയിക്കപ്പെടുന്നത് മായ ഒരു മാർഗത്തിലേക്ക് പ്രവേഷിക്കുവാൻ ഇടയാവണം. പരിശുദ്ധ മാമോദിസ ബാഹ്യമായ ഒരു കഴുകൽ എന്ന നിലയിൽ കാണപ്പെടുന്നുവെങ്കിലും അത് ആന്തരികമായ ശുദ്ധികരണത്തിന്റെ സൂചനയാണ്, കർമ്മമാണ്. വിശുദ്ധ കുർബാന ദർഗയിൽ കയറി ആരംഭിക്കുന്നതിനു മുൻപായി വിശ്വാസപ്രമാണത്തിന്റെ സമയത്ത് പുരോഹിതൻ കൈകഴുകുമ്പോൾ മർമ്മ പ്രധാനവും രഹസ്യ പൂർണവുമായ കുർബാന അനുഷ്ഠാനത്തിന് തന്നെയും വിശ്വാസ സമൂഹത്തെയും മുഴുവനായും പൊതുവായും കഴുകി ശുദ്ധീകരിക്കുന്നു എന്ന പ്രഖ്യാപനത്തിന്റെ അനുഷ്ഠാനപരമായ സൂചനയാണ് വെളിവാക്കുന്നത്.

അങ്ങനെ കഴുകലിന്റെ (സ്നാപനത്തിൻറെ) പരമപ്രാധാന്യം, വെള്ളത്താൽ ഉള്ള മാമോദിസ സ്വീകരിച്ചതിനു ശേഷമുള്ള പഠിപ്പിക്കൽ വഴി കർത്താവ് നിർവഹിക്കുന്നു. എന്നാൽ അതിനോടു ചേർന്നു തന്നെ താൻ പഠിപ്പിക്കുകയാണ്, കഴുകൽ എൽ വഴി ക്രിസ്തു കൂട്ടായ്മയിൽ പ്രവേശിക്കുന്ന ഒരുവൻ പുതിയതും ആത്മാവിനാൽ നയിക്കപ്പെടുന്നതുമായ മാർഗത്തിൽ ശരി ക്കേണ്ടതാണ്. വിശുദ്ധ മാമോദിസ കേവലം ഒരു ശുദ്ധി കർമ്മാനുഷ്ഠാനം അല്ല ദൈവാത്മാവ്യാപാരം ഒരു വ്യക്തിയിൽ പുതുതായി ആരംഭിക്കുന്നതിന്റെ പ്രതീകവും ക്രിസ്തുവുമായുള്ള ദൃഢ ബന്ധത്തിലേക്ക് പ്രവേശിപ്പിച്ചിരിക്കുന്നതിന്റെ മറുത്തു കൂടാത്ത സാക്ഷ്യവും ആകുന്നു. വെള്ളത്താൽ ഉള്ള കഴുക ലിൻറെ പൂർണതയും തുടർച്ചയും ആത്മാവിലുള്ള മുഴുകലിലൂടെയാണ് അനുഭവവേദ്യമാകുന്നത്. അതുകൊണ്ടുതന്നെയാണ് വിശുദ്ധ മാമ്മോദീസായിൽ വെള്ളത്തിൽ വിശുദ്ധ മൂറോൻ കലർത്തി ശുശ്രൂഷ നിർവഹിക്കുന്നത്. രണ്ടും രണ്ടു നേരങ്ങളിൽ സംഭവിക്കേണ്ടത് അല്ല മറിച്ച് ഒരു സമയം തന്നെ നിർവഹിക്കുകയും അതിന്റെ അനുഭവത്തിൽ തുടക്കം മുതൽ അന്ത്യം വരെ നിത്യജീവിത അനുഭവത്തിലേക്ക് ഓരോരുത്തരും പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതായ ധർമ്മമാണ്.

6: നീ ഇത് അറിയുന്നില്ലയോ (3:10)

പത്താം വാക്യത്തിൽ കർത്താവ് തൻറെ പഠിപ്പിക്കലിന്റെ പ്രത്യേകതയെ പറ്റി വിവരിക്കുന്നു. അറിയുന്നതാണ് പ്രസ്താവിക്കുന്നത്, കണ്ടതാണ് സാക്ഷാത്കരിക്കുന്നത്. പ്രായോഗികമായ അറിവില്ലാത്ത, കേവല ഉപദേശങ്ങൾ അല്ല നൽകുന്നത്.

അറിവിന്റെ തലത്തിൽനിന്ന് അനുഭവത്തിന്റേ തലത്തിലേക്ക് മാറ്റം ആവശ്യമാണ് എന്ന കർത്താവിന്റെ വാക്കുകളിൽ കാണാം. ഉപരിപ്ലവമായ മനസ്സിലാക്കൽ അല്ല മറിച്ച് ആഴത്തിലുള്ള അനുഭവമാണ്, പ്രത്യേകിച്ച് ദൈവികതയെ പറ്റി ഒരുവനിൽ ഉണരേണ്ടത്. പുസ്തകത്തിൽ നിന്നുള്ള വായിച്ചറിവു അല്ല പിന്നെയോ വ്യക്തിജീവിതത്തിലെ അനുഭവിച്ചറിയലാണ് അവനെ ശരിയായി സാക്ഷിക്കാനുള്ള ഏക മാർഗ്ഗം.

ഓരോ പുരോഹിതനും ശുശ്രൂഷകനും ഓരോ വിശ്വാസിയും ഓരോ സൺഡേ സ്കൂൾ അധ്യാപകനും താൻ എന്താണ് ആശയവിനിമയം നടത്തുന്നത് എന്ന ബോധ്യത്തിൽ നിന്നുകൊണ്ട് വേണം പങ്കുവെക്കൽ നിർവഹിക്കേണ്ടത്. വ്യക്തിജീവിതത്തിൽ അനുഭവപ്പെടാത്ത, ബുദ്ധിയിൽ നിന്ന് ഹൃദയത്തിലേക്ക് ഇറങ്ങാത്ത ദൈവാനുഭവം എനിക്ക് എങ്ങനെ പങ്കുവെക്കാൻ ആവും.

7: നിങ്ങൾ എങ്ങനെ വിശ്വസിക്കും (3:12)

ത്രിയേകദൈവം മൂന്ന് ആളത്വങ്ങൾ ആയി മനസ്സിലാക്കപ്പെടുന്നു. എന്നാൽ മൂന്ന് ആയിരിക്കുന്നത് അതേസമയംതന്നെ ഏകവും ആണ്. വിശുദ്ധ യോഹന്നാന്റേ സുവിശേഷം 1:1 ൽ ദൈവത്തോടുകൂടെ ആയിരുന്ന വചനം ആ ദൈവം തന്നെയായിരുന്നു എന്നിങ്ങനെ വായിക്കുമ്പോൾ,

താൻ അവകാശപ്പെട്ട കാര്യങ്ങളെപ്പറ്റി തനിക്ക് നേരിട്ട് അറിവുണ്ട് എന്ന് നമ്മുക്ക് മനസ്സിലാകും. ഭൗമികമായ കാര്യങ്ങളെപ്പറ്റി തന്റേ വാക്കുകൾ ഒരുവൻ വിശ്വസിക്കുന്നില്ലെങ്കിൽ അഭൗമികവും അലൗകികമായ സംഗതികളെ പറ്റി താൻ പഠിപ്പിക്കുമ്പോൾ ഓൾ ഒട്ടുംതന്നെ വിശ്വസിക്കില്ല എന്ന് കർത്താവ് പറയുന്നു. അവൻ ഉപമകൾ വഴിയാണ് അവരെ പഠിപ്പിച്ചത്, ഉപമ കൂടാതെ ഒന്നും പഠിപ്പിച്ചില്ല എന്നത് ശ്രദ്ധേയമാണ്.

ചില ആത്മീയ ആശയങ്ങൾ വളരെ എളുപ്പമാണ്. മറ്റുള്ള ചിലത് അങ്ങനെയല്ല. അടിസ്ഥാനതത്വങ്ങൾ അംഗീകരിക്കുമ്പോഴും മനസ്സിലാക്കുവാൻ പ്രയാസമായ സങ്കീർണ ആശയങ്ങൾ ക്രിസ്തീയ വിശ്വാസത്തിൽ ഉണ്ട്. ക്രിസ്തീയ വിശ്വാസത്തിനെപറ്റി സംശയങ്ങൾ ഉന്നയിക്കുന്നവർ ചിലപ്പോൾ സുവിശേഷം എന്തെന്ന് മനസ്സിലാക്കാൻ പോലും ശ്രമിക്കാത്തവരായിരിക്കും. ലളിതവും ദൈനംദിനവുമായ വസ്തുതകൾ സ്വീകരിക്കുന്നില്ലെങ്കിൽ അത്ഭുതകരമായവ എങ്ങനെ ഉൾക്കൊള്ളാനാകും???

ദൈനംദിന ജീവിതത്തിൽ ഈയൊരു ഓർമ്മ അത്യന്താപേക്ഷിതമാണ്. തൂയോബോ ശുശ്രൂഷയുടെ പ്രാരംഭ പ്രാർത്ഥനയിൽ, 'നമ്മുടെ കർത്താവും രക്ഷകനും ആയ യേശു മിശിഹായുടെ' എന്നുതുടങ്ങി, 'ഗബ്രിയേൽ മാലാഖയുടെ അറിയിപ്പ്.....,എന്നതു മുതൽ, ' പിതാവിന്റെ വലതുഭാഗത്തുള്ള ഇരിപ്പ്' എന്നതുവരെയുള്ള പന്ത്രണ്ടോളം മർമ്മങ്ങൾ ദീർഘമായ ധ്യാന വിഷയങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ലളിതമെന്നു തോന്നാമെങ്കിലും അതീവ ശ്രദ്ധയും മനനവും പഠനവും ആവശ്യപ്പെടുന്ന ഈ രക്ഷാകര വ്യാപാരങ്ങൾ വിശ്വസിച്ച് അംഗീകരിക്കാത്ത ഒരാളിന് എപ്രകാരമാണ് അതിനെ ഉൾക്കൊള്ളാൻ ആവുക എന്ന് ചിന്തിക്കുക. ആയതിനാൽ സ്വർഗ്ഗീയ മർമ്മങ്ങളെ ഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള ആഗ്രഹവും പ്രാർത്ഥനയും തുറന്ന മനസ്സും ഉണ്ടാവണമെന്ന് എന്ന നിക്കോദിമോസ് വഴി കർത്താവ് പഠിപ്പിക്കുന്നു.



**കെ. റയിൽ
ബിസിനസ്
ഡവലപ്മെൻറ് ആൻഡ്
ഫിനാൻസ്
ഡയറക്ടറായി
നിയമിതനായ റെജി
ജോൺ. തോട്ടയ്ക്കാട്
മാർ അപ്രേം
ഇടവകാംഗം.**

Church Calendar

Meeting Him

St. John 3:1-21

Fr. Nithin V. Rajan



Meeting him is a very important aspect of Christian life. Meeting Him is the most beautiful thing to do. Meeting him will change the attitude in us. When we try one way to meet Him, He will try all ways to meet us. Especially when we are at cross roads and wonder what next and cry to Him, He comes to meet us. He hears us, consoles us and strengthens us.

If Christ cannot be present in our meetings, then we need to rethink about our meetings and dialogues. If our meetings are mostly for eating, for gossips and worldly aspects, then our meetings will not be fruitful.

In this Gospel passage, we see that a member of the Jewish ruling council tries to meet Jesus in the cover of Darkness. Here we can think that the cover of Darkness is used due to two reasons: one is the fear of his position and other can be his hectic schedule. However he goes in search of the light because he understands and wanted to meet Him.

Jesus says to him in their conversation *"Very truly I tell you, no one can see the kingdom of God unless they are born again"* ***St. John 3:3.*** This brings a cloud of confusion in the mind of Nicodemus. How is it possible? He thinks is it possible? *"How can someone be born when they are old?" Nicodemus asked. "Surely they cannot enter a second time into their mother's womb to be born!"* ***St. John 3:4***. Here Christ doesn't mean of the physical birth but spiritual birth.

This phrase '**Are you Born Again?'** is a very challenging question the young and old generation of the Orthodox Church face. With clarity of mind and with bold confidence we have to answer this question. Every baptized Christian is a Born again but it's not a full stop there. Born again can be dead again. And it's through confession "The baptism of Tears" we are reinstated to our former glory. As human beings we may fall again so Born again doesn't means an end to itself but it is a starting point of 'Theosis' and 'deification'.

So next time we hear '**Are you Born Again?'** we must not be confused to answer rather we have to ask ourselves, 'Am I on the path of Eternal Life or have I ebbed away. If we have taken the wrong way then we need to take a U – turn as 'born again' is an experience not a static one. We need to make friends who will help us daily towards the eternal home. St. John Chrysostom says "If a man and a woman marry in order to be companions on the journey to Heaven, then their union will bring them great joy".

Born again is a wonderful experience and living such a life is an amazing experience. Those who have experienced the born again life live problem-free, tension-free life. They have the heavenly peace that the world cannot afford to offer. Nothing can shake such kind of people. They are not in race with anyone and they live in grace. They take little from the nature and try to give whatever best they can from their end. They walk in faith like Abraham. They are ready for the journey any time. They humble themselves and won't grumble.

Meeting Jesus is coming to light. Light is something that dispels darkness. So here light doesn't mean the absence of physical light but of the heart and understanding. ***St. John 3:19-21*** *"This is the verdict: Light has come into the world, but people loved darkness instead of light because their deeds were evil. Everyone who does evil hates the light, and will not come into the light for fear that their deeds will be exposed. But whoever lives by the truth comes into the light, so that it may be seen plainly that what they have done has been done in the sight of God"*. Light has heat and if we try approaching the Holy of Holies by ungodliness, we will be burnt.

Moses saw a bush on Mount Sinai, it was burning but the bush didn't burn. This bush also represent St. Mary. The bush signified her body and the unburnt leaves her Virginity, even thou the fire of God dwelt in her, she was not burned to ashes because of her purity. We too are the recipients of the Holy Eucharist. We too need to keep ourselves holy and pure. Only then we will have Christ in us.

Meeting Jesus is sharing in His love and eternal life. ***St. John 3:16-17***, *"For God so loved the world that He gave His one and only Son, that whoever believes in Him shall not perish but have eternal life. For God did not send His Son into the world to condemn the world, but to save the world through Him*. Through Him we are saved and brought to life not on our merit but because of His love. Love of God is 'Agape', the unconditional love. The Holy Scriptures describes about true love in ***1 Corinthians 13:4-7*** *"Love is patient, love is kind. It does not envy, it does not boast, it is not proud. It does not dishonor others, it is not self-seeking, it is not easily angered, it keeps no record of wrongs. Love does not delight in evil but rejoices with the truth. It always protects, always trusts, always hopes, and always perseveres"*. We need to ask ourselves whether we have this love. This is the love of our God the Father. This is something we will miss if we don't have heavenly love.

As we journey towards meeting Christ, let us also be like the Star that lead the wise men to meet baby Jesus. Let us be a light for the travelers to follow in the right path. Let the love in us flow as in Christ so as to live a life of a true Christian. Amen. ❑



ദേശീയ ടെന്നീസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആൺകുട്ടികളുടെ അണ്ടർ 16 ടെന്നീസ് ഡബിൾസ് ടൂർണ്ണമെന്റിൽ എഫിനോവ ഉമ്മൻ റിച്ചി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

സംസ്ഥാന ടെന്നീസ് ടൂർണമെന്റിൽ അണ്ടർ 16 സിംഗിൾസിൽ നാലാം സ്ഥാനവും, അണ്ടർ 18 ഡബിൾസിൽ മൂന്നാം സ്ഥാനവും ലഭിച്ചിരുന്നു. തിരുവനന്തപുരം ജില്ല ടെന്നീസ് ടൂർണ്ണമെന്റിൽ അണ്ടർ 16 ഡബിൾസിൽ ഒന്നാം സ്ഥാനവും, അണ്ടർ 14 സിംഗിൾസിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയിരുന്നു.

പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവക അംഗമായ എഫിനോവ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ കൊച്ചുമകനാണ്.



കുടശ്ശനാട് പള്ളിഭാഗം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന തലമുറകളുടെ സംഗമം സമ്മേളനം ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉദ്ഘാടനം ചെയ്യുന്നു.



ORTHODOX STUDY BIBLES GIFTED TO SEMINARY STUDENTS


Every year, Metropolitan Dr. Geevarghese Mar Yulios distributes Orthodox Study Bibles to Seminary Students at STOTS chapel. This year too, the First Year batch was given the Holy Bible after the Perunnal Services on 21st Dec 2021.



ഫാ. ജോസ് ചെമ്മണ്‍ എഴുതിയ 'മോശ വീണ്ടെടുപ്പിന്റെ പരികർമ്മി' എന്ന നോവൽ ബെന്യാമിന് നൽകി പ്രകാശനം ചെയ്തു.



ഫാ. ആന്റണി വാഴപ്പള്ളി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സംഗീത രത്നം പുരസ്ക്കാരം മന്ത്രി കെ. രാജനിൽ നിന്നു ഫാ. ഡോ. എം. പി. ജോർജ് സ്വീകരിക്കുന്നു.



റിട്ട. ജയിൽ ഡിഐജി പി. സി. ജോർജ് അന്തരിച്ചു

മല്ലപ്പള്ളി: റിട്ട. ജയിൽ ഡിഐജി പി. സി. ജോർജ് (94) അന്തരിച്ചു. മല്ലപ്പള്ളി, ആനിക്കാട് മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. സംസ്കാരം നടത്തി.

1956-ൽ കോട്ടയം സബ്ബ് ജയിൽ സൂപ്രണ്ടായിട്ടായിരുന്നു ആദ്യ നിയമനം. 1959-ൽ കോട്ടയം സബ്ബ് ജയിൽ സംസ്ഥാനത്തെ ആദ്യ വനിതാ ജയിലായി പ്രഖ്യാപിക്കുമ്പോൾ ചുമതല വഹിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ആദ്യമായി എം.എൽ.എ. ആയിരിക്കെ അടിയന്തരാവസ്ഥയിൽ പോലീസ് മർദ്ദനമേറ്റ് കണ്ണൂർ സെൻട്രൽ ജയിലിൽ തടവിലാക്കപ്പെടുമ്പോൾ ജയിൽ സൂപ്രണ്ട് പി. സി. ജോർജ് ആയിരുന്നു. വിമോചന സമരത്തിൽ പങ്കെടുത്ത് മിസ്സിസ് കെ. എം. മാത്യു ഉൾപ്പെടെ കോട്ടയത്തെ പ്രമുഖരുടെ ഭാര്യമാർ ജയിൽ വാസമനുഭവിക്കുന്നത് അക്കാലത്താണ്. കണ്ണൂരിലെ ദുർഗുണ പരിഹാര പാഠശാലയുടെയും ആദ്യ സൂപ്രണ്ട് ഇദ്ദേഹമായിരുന്നു.

തലശ്ശേരി പോലീസ് സ്റ്റേഷൻ അക്രമണ കേസിൽ കെ അജിത ഉൾപ്പടെയുള്ള പ്രതികൾ കോഴിക്കോട് ജില്ലാ ജയിലിൽ തടവിൽ കഴിയുന്ന അവസരത്തിൽ അവിടെ സൂപ്രണ്ടിന്റെ ചുമതല വഹിച്ചു. ജയിൽ വകുപ്പിലെ ഏക ഡി.ഐ.ജി. ആയിരിക്കവേ 1983-ൽ സർവ്വീസിൽ നിന്നു വിരമിച്ചു.

ഇന്ത്യ ബുക് ഓഫ് റെക്കോർഡിൽ ഇടം നേടി വൈദികനും ഭാര്യയും

ബെംഗളൂരു● ഓൺലൈനിലൂടെ ഏറ്റവും കൂടുതൽ യുഗ്മഗാനം പാടിയ വൈദിക ദമ്പതികളായി കൂടുതൽ ഇന്ത്യ ബുക് ഓഫ് റെക്കോർഡിൽ ഇടം നേടി മീനടം സ്വദേശികൾ.

ഓർത്തഡോക്സ് സഭയുടെ വിദ്യാർഥി പ്രസ്ഥാനം (എംജിഒസിഎസ്എം) റീജനൽ ഡയറക്ടറായ മീനടം പാണക്കുന്നേൽ ഫാ. ഷൈജു പി. മത്തായിയും ഗ്രേസ് ഷൈജുവും ആണു യുട്യൂബ് ചാനലിലൂടെ നൂറിലധികം ഗാനങ്ങൾ ആലപിച്ച് അവാർഡിന് അർഹരായത്. പത്തു മാസം കൊണ്ടാണു നേട്ടം കൈവരിച്ചത്



ഫാ. ഷൈജു പി. മത്തായിയും ഗ്രേസ് ഷൈജുവും

സ്വപ്നം സത്യമാക്കി ബഥേൽക്കുന്നിലെ സ്നേഹവീടുകൾ



കുന്നംകുളം അയ്യംപറമ്പിലെ ബഥേൽക്കുന്നിലെ വീടുകൾക്കു മുന്നിൽ താമസക്കാരായ കുട്ടികൾ

കുന്നംകുളം ▸ 'ഇവരെയൊക്കെ ഇവിടെ ആക്കിയിട്ടുണ്ട്. ആരെങ്കിലും തിരിഞ്ഞുനോക്കുന്നുണ്ടോ?' ബസേലിയോസ് മാർതോമ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ ഓർമയിലേക്ക് മാഞ്ഞെങ്കിലും ആ വാക്കുകൾ എന്നും മറക്കാതെ സൂക്ഷിക്കും അയ്യംപറമ്പ് ബഥേൽക്കുന്നിലെ താമസക്കാരനായ ബെന്നി. കാതോലിക്കാബാവയുടെ വാക്കുകൾക്ക് ഇടർച്ച തട്ടാത്തവിധം കുന്നംകുളം ഭദ്രാസന അധികൃതർ ബഥേൽക്കുന്നിനെയും അവിടത്തെ താമസക്കാരെയും ഒപ്പം ചേർത്തുനിർത്തുന്നുണ്ട്. ഭൂമിയില്ലാത്തവരും വീടില്ലാത്തവരുമായ 22 കുടുംബങ്ങളെക്കൂടാതെ 12 പേർക്കുകൂടിയുള്ള സ്നേഹവീടുകളുടെ പണി ഇവിടെ വളരെ വേഗത്തിൽ നടക്കുകയാണ്.



ബഥേൽക്കുന്നിൽ നിർമാണം നടക്കുന്ന വീടുകൾ

അനാവശ്യമായ ജീവിതചുറ്റുപാടുകൾ പാടില്ല, ആത്മീയ വിശ്വാസിയാകണം– ബഥേൽക്കുന്നിലെ താമസക്കാരനാകാൻ അങ്ങനെ ചില നിബന്ധനകളുണ്ട്. ഭദ്രാസനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചാണ് അർഹരായവരെ തിരഞ്ഞെടുക്കുന്നത്. വെള്ളവും വെളിച്ചവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ബഥേൽക്കുന്നിലെ വീടുകളിലുണ്ട്. എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള സമിതിയുമുണ്ട്. വിശേഷദിവസങ്ങളിൽ ഭദ്രാസനത്തിലെ വൈദികരെത്തി വിവരങ്ങൾ അന്വേഷിക്കും. താമസക്കാരോ മക്കളോ സാമ്പത്തികമായി മെച്ചപ്പെട്ടാൽ അവർക്ക് മറ്റൊരു സ്ഥലംവാങ്ങി മാറിപ്പോകാം. അങ്ങനെ ഒഴിവുവരുന്ന വീട്ടിൽ പുതിയ അതിഥികളെത്തും.

വെസ്റ്റ് മങ്ങാട് സ്വദേശി പി.വി. ഉക്രുക്കുട്ടിയാണ് 25 വർഷം മുമ്പ് തന്റെ പേരിലുണ്ടായിരുന്ന സ്ഥലം ഇഷ്ടദാനമായി അന്നത്തെ ഭദ്രാസനാധിപനായിരുന്ന പൗലോസ് മാർ മിലിത്തിയോസിന്റെ പേരിലേക്ക് നൽകിയത്. സ്ഥലവും വീടുമില്ലാത്തവർക്ക് താമസസൗകര്യമൊരുക്കുകയായിരുന്നു പൗലോസ് ദ്വിതീയൻ കാതോലിക്കാബാവയുടെ സ്വപ്നം. ആ സ്വപ്നം സാക്ഷാത്കരിക്കാൻ വിവിധ തലങ്ങളിലുള്ളവർ കൈകോർത്തു. ഷാർജയിലെ പ്രാർഥനാ കൂട്ടായ്മയുടെ സ്രോതസ് പദ്ധതിയിൽ ആദ്യത്തെ പത്തു വീടുകൾ നിർമിച്ചു. പിന്നീട് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം, എം.ജി.ഒ.സി.എസ്.എം. തുടങ്ങിയ സംഘടനകളുടെ സ്നേഹത്തണൽ പദ്ധതിയിൽ 12 വീടുകൾകൂടി പൂർത്തിയാക്കി. വീട് നിർമിച്ചുനൽകാൻ താത്പര്യമുള്ള വിവിധ ദേവാലയങ്ങളും വ്യക്തികളും ചേർന്നാണ് ഇപ്പോൾ 12 വീടുകളുടെ പണികൾ ഏറ്റെടുത്തിട്ടുള്ളത്.

പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ചരമവാർഷികമായ ജൂലായിൽ വീടുകളുടെ നിർമാണം പൂർത്തിയാക്കി കൈമാറുകയാണ് ലക്ഷ്യമെന്ന് ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ പറഞ്ഞു.

'ഋ' പിന്നിൽ വൈദികൻ





ഫാ. വർഗീസ് ലാൽ ചിത്രീകരണത്തിനിടെ

സി. ഗിരീഷ്കുമാർ

കുന്നംകുളം ● വില്യം ഷെയ്ക്സ്പിയർ രചിച്ച വിശ്വപ്രസിദ്ധമായ ഒഥല്ലോ എന്ന നാടകത്തെ ആസ്പദമാക്കി ഒരുക്കുന്ന 'ഋ' എന്ന സിനിമയിലൂടെ സംവിധായകനാവുകയാണ് ഫാ. വർഗീസ് ലാൽ എന്ന വൈദികൻ. സെൻസറിങ് പൂർത്തിയാക്കിയ സിനിമ ഉടൻ തിയറ്ററുകളിലെത്തും.

മഹാത്മാഗാന്ധി സർവകലാശാലയിൽ സിനിമ പഠനവുമായി ഒത്തു ചേരുന്ന ഒരു സംഘം കൂട്ടുകാരുടെ സ്വപ്ന സാക്ഷാത്കാരമാണു ഈ സിനിമ. 1997-ൽ പുറത്തിറങ്ങി ദേശീയ പുരസ്കാരം നേടിയ കളിയാട്ടം ആണ് ഷെയ്ക്സ്പിയറിന്റെ ഒഥല്ലോയെ ആസ്പദമാക്കി അവസാനം പുറത്തിറങ്ങിയ മലയാള ചലച്ചിത്രം.

പ്രണയത്തോടൊപ്പം വർണ്ണ രാഷ്ട്രീയം മുഖ്യ പ്രമേയമാകുന്ന ചിത്രം മഹാത്മാഗാന്ധി സർവകലാശാല ക്യാംപസിലാണ് ഭൂരിഭാഗവും ചിത്രീകരിച്ചത്. ഒരു വൈദികൻ സ്വതന്ത്ര സംവിധായകനായി തിയറ്ററിലെത്തിക്കുന്ന ആദ്യ മലയാള സിനിമയെന്ന് അണിയറ പ്രവർത്തകർ ഇതിനെ വിശേഷിപ്പിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്ന് എംഎ (സിനിമ ആൻഡ് ടെലിവിഷൻ) റാങ്ക് നേടിയ ഫാ. വർഗീസ് ലാൽ ചലച്ചിത്ര പഠനത്തിൽ എംഫിലും പിഎച്ച്ഡിയും ചെയ്തു കൊണ്ടിരിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസന പള്ളികളിൽ വികാരിയാണ്.

ഷെയ്ക്സ്പിയർ ആർട്സിന്റെ ബാനറിൽ ഡോ. ഗിരീഷ് കുമാറാണ് സിനിമ നിർമിച്ചിരിക്കുന്നത്. നടനും സംവിധായകനുമായ സിദ്ധാർഥ ശിവയാണ് ഛായാഗ്രഹണവും എഡിറ്റിങ്ങും. ഡോ. ജോസ് കെ. മാനുവലിന്റെയാണ് രചന. വിശാൽ ജോൺസന്റെ വരികൾക്ക് സംഗീതം പകർന്നിരിക്കുന്നത് സൂരജ് എസ്. കുറുപ്പ്.





കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ നടത്തിയ ക്ലിനോ 2021 കരോൾ ഗാന മത്സരത്തിന്റെ ഒന്നാം സമ്മാനം കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ രക്ഷാധികാരിയായിരിക്കുന്ന ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത പരുമല പള്ളിയിൽ വെച്ച് വിതരണം ചെയ്തു.



യുവദീപ്തി പുരസ്കാരം സിസ്റ്റർ ദീനക്ക്

കുടശ്ശനാട്: സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിലെ പള്ളിഭാഗം യുവജന പ്രസ്ഥാനം ഏർപ്പെടുത്തിയ യുവദീപ്തി പുരസ്കാരത്തിനു സിസ്റ്റർ ദീന അർഹയായി.

അശരണരായ ആളുകൾക്കുള്ള കോലഞ്ചേരി പ്രതീക്ഷ, പ്രത്യാശ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ നല്കുന്ന നിസ്തുലമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ മാനിച്ചാണ് പുരസ്കാരം നല്കുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു. 2022 ജനുവരി 19-ന് കുടശ്ശനാട് കത്തീഡ്രലിൽ വച്ച് പ. കാതോലിക്കാ ബാവാ അവാർഡ് ദാനം നിർവഹിച്ചു.



Suma Varughese, Outstanding Scientist, has assumedcharge as Director General MED, CoS & CS (MCC) at DRDO with effect from 1st Jan 2022. Suma Varughese is married to Thomas Varughese and they are members of St. Mary's Orthodox Valyapalli, Jalahalli, Bangalore.

പ. പാമ്പാടി തിരുമേനിയുടെ തിരുമൊഴികൾ

- *മക്കളെ, പ്രയാസപ്പെടുന്നവരെ സഹായിക്കണേ. പകവെച്ചുകൊണ്ടിരിക്കരുത്. എല്ലാവരേയും സ്നേഹിക്കണം. കേസും വഴക്കും നന്നല്ല.*
- *ഭർത്താക്കന്മാരേ! നിങ്ങൾ ഭക്ഷണം കഴിക്കുമ്പോൾ ഭാര്യമാരുടെ ഭക്ഷണക്കാര്യവും ഓർക്കണമേ. അവരെക്കുറിച്ചു നിങ്ങൾക്കു കരുതൽ ഉണ്ടായിരിക്കണം. അവർ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നു നോക്കണം.*
- *കുഞ്ഞുങ്ങളേ! നിങ്ങൾ ദൈവത്തെ സ്നേഹിക്കണം. മാതാപിതാക്കളെ അനുസരിക്കണം. ഗുരുക്കന്മാരെ ബഹുമാനിക്കണം.*